
ലിറ്റിൽ കൈറ്റ്സ്
പടനിലം HSS
സ്പെക്ട്രം 2019
ഇ -മാഗസിൻ

# ആമുഖം

*വിവര വിനിമയ സാങ്കേതികവിദ്യയുടെ മുന്നേറ്റമാണ് ഈ നൂറ്റാണ്ടിന്റെ ആരംഭം മുതൽ തന്നെ നാം കാണുന്നത്.*നൂതന സാങ്കേതികവിദ്യ ലോകത്തേക്കുള്ള മനുഷ്യന്റെകടന്നു വരവ് ലോകത്തിന്റെവ്യാപ്തി ചുരുക്കുന്നതിനും വ്യത്യസ്ത സംസ്കാരങ്ങളെ തിരിച്ചറിയുന്നതിനും അടക്കം ഒട്ടനവധിസഹായ ഘടകങ്ങൾ ആണ് മനുഷ്യസമൂഹത്തിന് ലഭിച്ചത് .അറിവുകൾ പകർന്നു ലഭിക്കുന്നതോടൊപ്പം സ്വയം കണ്ടെത്തുന്നതിനും ശ്രമിക്കുക എന്നത് ഉയർന്ന മൂല്യബോധത്തോടെ ജീവിക്കുന്നതിന് അനിവാര്യമാണ് പൊതു സമൂഹത്തിനു മേൽ നിരീക്ഷണവും അതിൽനിന്നുള്ള തിരിച്ചറിവും വിദ്യാർത്ഥിസമൂഹം സ്വായത്തമാക്കേണ്ടതുണ്ട് .അതിനായി അധ്യാപകരുടെയും വിദ്യാർഥികളുടെയും സംയുക്ത പങ്കാളിത്തത്തിൽ ഫലപ്രദമായി നൂതന സാങ്കേതികവിദ്യയുടെ ഉപയോഗം പ്രാവർത്തികമാക്കേണ്ടതുണ്ട് .ഈ തിരിച്ചറിവിന് അടിസ്ഥാനത്തിൽ ലിറ്റിൽ കൈറ്റ്സ് എന്ന കുട്ടികളുടെ ഐടി കൂട്ടായ്മ കേരളത്തിലെ പൊതുവിദ്യാലയങ്ങളിൽ നടപ്പിലാ ക്കുന്നത് .

അഭിരുചിക്കനുസരിച്ച് മേഖലകൾ തിരഞ്ഞെടുക്കുവാൻ ഉതകുന്ന തരത്തിൽ വിഷയ വ്യാപ്തി നൽകിക്കൊണ്ടാണ് ലിറ്റിൽ കൈറ്റ്സ് എന്ന ഈ പദ്ധതി വിഭാവനം ചെയ്തി രിക്കുന്നത് വിദ്യാർത്ഥികൾക്ക് അവർ അർഹിക്കുന്ന മേഖലയോട് ആഭിമുഖ്യം ജനിക്ക ത്തക്ക തരത്തിൽ വൈവിധ്യമാർന്ന പരിശീലന പ്രവർത്തനങ്ങൾ ഈ പദ്ധതിയുടെ സവിശേഷതയാണ്

വിവരവിനിമയ സാങ്കേതിക വിദ്യയുടെ അനന്ത സാധ്യതകൾ കണ്ടെത്തി നൂതന ലോകത്തിന് പുതുമയാർന്ന ആശയങ്ങൾ നൽകുവാൻ വിദ്യാർത്ഥി സമൂഹത്തിന് കഴിയട്ടെ എന്ന് ആത്മാർത്ഥമായി ആശംസിക്കുന്നു

# പത്രാധിപ സമിതി

**പി ശ്രീജ (ചെയർ പേഴ്സൺ)**

**കെ കെ ഹേമലേഖ**

**കെ ലീല**

**വി .ഉണ്ണിക്കൃഷ്ണൻ**

**കവർ ഡിസൈൻ ബ്രെട്ട്ലി ബ്രൂണോ**

# പ്രണാമം



ശ്രീ. പുന്നയ്ക്കാക്കുളങ്ങര മാധവൻ ഉണ്ണിത്താൻ( സ്ഥാപക മാനേജർ)

ലിറ്റിൽ കൈറ്റ്സ് ക്ലബ്ബിന്റെ നേതൃത്വത്തിൽ തയ്യാറാക്കിയ ഈ എളിയ ഇ-മാഗസിൻ, നൂറനാടിന്റെ മക്കൾക്കായി പടനിലത്ത് ഒരു ഹൈസ്കൂൾ എന്ന മഹത്തായ ആശയം കഠിനാധ്വാനത്തിലൂടെ സാധ്യമാക്കിയ നൂറനാട്ടെ പ്രബുദ്ധ ജനതയ്ക്ക് സമർപ്പിക്കുന്നു

# താളുകൾ മറിക്കുമ്പോൾ


| ക്രമ നമ്പർ | ഉള്ളടക്കം | പേജ് നമ്പർ |
|---|---|---|
| 1 | ചരിത്രം | 14 |
| 2 | ലിറ്റിൽ കൈറ്റ്സ് ഐടി ക്ലബ്ബ് | 19 |
| 3 | ഫ്രീ സോഫ്റ്റ് വെയറും പ്രൊപ്രൈറ്ററി സോഫ്റ്റ് വെയറും | 20 |
| 4 | നിങ്ങളും കമ്പ്യൂട്ടറും | 22 |
| 5 | കമ്പ്യൂട്ടർ പയനിയേഴ് | 23 |
| 6 | വാട്ടീസ്  ലിനക്സ് | 25 |
| 7 | റാസ്ബെറി പൈ | 28 |
| 8 | ക്യാൻ യൂ നെയിം | 29 |
| 9 | ബേസിക് ഇൻഫർമേഷൻ | 30 |
| 10 | ഓണാട്ടുകരയുടെ തനത് സ്പർശമുള്ള രചനകളും എഴുത്തുകാരും | 31 |
| 11 | ചിത്രകല | 34 |
| 12 | വിദ്യാരംഗം കലാസാഹിത്യവേദി | 38 |
| 13 | കാഴ്ച - കവിത | 39 |
| 14 | ജീവിതം കവിത | 41 |
| 15 | മാത്തമാറ്റിക്സ് വെരി ഈസി | 42 |
| 16 | എന്റെ നാട് - നൂറനാട് | 45 |
| 17 | ഇഷ്ടം - കവിത | 47 |
| 18 | തിരുമുറ്റത്തെത്തുവാൻ മോഹം | 48 |
| 19 | പ്രവർത്തനങ്ങൾ സയൻസ് ക്ലബ്ബ് | 49 |
| 20 | വിദ്യാലയം കവിത | 50 |
| 21 | ഗുഹാക്ഷേത്രങ്ങൾ | 51 |
| 22 | ഗണിതശാസ്ത്രക്ലബ്ബ് | 53 |
| 23 | സോഷ്യൽ സയൻസ് ക്ലബ്ബ് | 54 |
| 24 | അമ്മ | 55 |
| 25 | സാമൂഹ്യനന്മയ്ക്കായി സ്കൗട്ട് ആൻഡ് ഗൈഡ്സ് | 56 |
| 26 | അരുത് മറക്കരുത്  - കവിത | 57 |
| 27 | ജൂനിയർ റെഡ് ക്രോസ് | 58 |
| 28 | കലകൾ നാടിൻറെ സമ്പത്ത് | 59 |
| 29 | കാറൽ മാർക്സ് | 60 |
| 30 | വട്ടവട യുടെ ചങ്ങാതി | 61 |

| | | |
|---|---|---|
| 31 | നാസ | 62 |
| 32 | 2018 ലെ പ്രളയം | 64 |
| 33 | ഐസക് ന്യൂട്ടൻ | 66 |
| 34 | മദർബോർഡ് ഓഫ് കമ്പ്യൂട്ടർ | 67 |
| 35 | സ്റ്റീഫൻ ഹോക്കിംഗ്സ് | 68 |
| 36 | നിപ്പാ വൈറസ് | 69 |
| 37 | കേരളത്തിൻറെ തീരാവേദനയായി .....മധു | 71 |
| 38 | പ്രകൃതിയിലെ കൊലയാളികൾ കവിത | 72 |
| 39 | ആൽബർട്ട് ഐൻസ്റ്റീൻ | 73 |
| 40 | അതിജീവനത്തിന് കരുത്ത് | 74 |
| 41 | ക്വിസ് | 75 |

# ആശംസ



കെ.രാഘവൻ(പി.ടി.എ.പ്രസിഡന്റ്)

നൂറനാടിന്റെ സാംസ്കാരിക തലങ്ങളിലെ ശ്രദ്ധേയമായ ഒരു കാഴ്ചപ്പാടാണ് നൂറനാട് പടനിലം ഹൈസ്ക്കൂളിന്റ പിറവി. ഈ പ്രദേശത്ത് വിദ്യാഭ്യാസ സ്ഥാപനം ഇല്ലാതായിരുന്ന കാലയളവിൽ നാടിന്റെ വിദ്യാഭ്യാസ ആവശ്യങ്ങൾ നിറവേറ്റുന്ന തിനായി നൂറനാട്ടുകാരിൽ ഉണ്ടായ കൂട്ടായ്മയുടെ ഫലമായിട്ടാണ് പടനിലം ഹൈ സ്ക്കൂൾ രൂപംകൊണ്ടത്. ഒരു നാട്ടിലെ ജനങ്ങൾ തന്നെ കൂട്ടായി ചേർന്നാണ് ഒരു വിദ്യാഭ്യാസസ്ഥാപനം പടുത്തുയർത്തുക എന്നത് ഈ നാടിൻറെ മാത്രം പ്രത്യേകത യാണ്. ഒട്ടേറെ മഹാരഥന്മാരായ ഗുരുശ്രേഷ്ഠർ ഈ സ്ഥാപനത്തിൽ അധ്യാപകരായി പ്രവർത്തിച്ചു. രാഷ്ട്രീയ സാമൂഹിക സാഹിത്യരംഗങ്ങളിൽ പ്രമുഖരായിരുന്നവർ ഈ സ്ക്കൂളിലെ ഗുരുനാഥന്മാരായിരുന്നു. പ്രമുഖ സാഹിത്യകാരൻ ശ്രീ കാക്കനാടൻ സംസ്കൃത പണ്ഡിതനും ഗ്രന്ഥകാരനുമായിരുന്ന ശ്രീ വാസുദേവഭട്ടതിരി, മുൻ എം എൽ എ ശ്രീ ഇറവങ്കര ഗോപാലകുറുപ്പ്, കമ്മ്യൂണിസ്റ്റ് നേതാവ് ശ്രീ പുതുപ്പള്ളി രാഘവന്റ സഹധർമ്മിണി ശ്രീമതി ശാന്തമ്മ, ശ്രീ കെ ഗോവിന്ദപിള്ള, ശ്രീ. പി. കെ. പി. പോറ്റി, ശ്രീ. പി. ലക്ഷ്മണൻ, ശ്രീ. എൻ. യശോധരൻ ഇവിടുത്തെ ഗുരുശ്രേഷ്ഠൻ മാരായിരുന്നു

64 വർഷത്തെ പാരമ്പര്യമുള്ള സ്ക്കൂളിൻറെ പ്രവർത്തനങ്ങൾ ഇന്ന് മെച്ചപ്പെട്ട രീതിയിൽ മുന്നോട്ടുപോകുന്നു എന്നതിൻറെ ഉദാഹരണമാണ്

2017 18 എസ്എസ്എൽസി പരീക്ഷയുടെ വിജയം. അതുപോലെതന്നെ സ്കൂൾ യുവജനോത്സവത്തിലും ശാസ്ത്രമേളയിലും സംസ്ഥാനതലംവരെ നമ്മുടെ കുട്ടികളെയും പങ്കെടുപ്പിക്കുവാൻ കഴിഞ്ഞിട്ടുണ്ട് . സാമൂഹ്യപ്രതിബദ്ധതയുള്ള ഒരു തലമുറയെ വാർത്തെടുക്കുവാൻ നിരവധി പാഠ്യ പാഠ്യേതര പ്രവർത്തനങ്ങൾ സ്കൂളിൽ നടത്തുന്നുണ്ട്. 2018 19 അധ്യായന വർഷത്തിൽ ലിറ്റിൽ കൈറ്റ്സ് - club ന്റ ആഭിമുഖ്യത്തിൽ  ഒരു ഇ-മാഗസിൻ തയ്യാറാക്കുന്നത് ആദ്യമായിട്ടാണ് .ഏറെ മഹനീയമായ ഈ സംരംഭത്തിന് എല്ലാവിധ ആശംസകളും നേരുന്നു



# ആശംസ

(ശ്രീ.കെ.മനോഹരൻ – മാനേജർ)

1952 ൽ പ്രവർത്തനമാരംഭിച്ച സമീപപ്രദേശത്തെ ആദ്യ ഹൈസ്ക്കൂളായ പടനിലം ഹൈസ്ക്കൂളിന്റെ സ്ഥാപക മാനേജർ മധ്യതിരുവിതാംകൂറിലെ അറിയ പ്പെടുന്ന സാമൂഹ്യപ്രവർത്തകനും കമ്യൂണിസ്റ്റ് നേതാവുമായിരുന്ന പുന്നക്കാക്കുള ങ്ങര മാധവൻ ഉണ്ണിത്താൻ ആയിരുന്നു . രണ്ടായിരത്തിൽ പടനിലം ഹൈ സ്ക്കൂളിന് ഹയർസെക്കണ്ടറി അനുവദിച്ചു .പുതിയ കെട്ടിടങ്ങൾ , ആവശ്യമായ മറ്റ് ഭൗതികസൗകര്യങ്ങൾ, മെച്ചപ്പെട്ട സയൻസ്- it ലാബുകൾ, ലൈബ്രറി, തുടങ്ങി പാഠ്യ- പാഠ്യേതര പ്രവർത്തനങ്ങൾക്കാവശ്യമായ സൗകര്യ ങ്ങളൊക്കെ ത്തന്നെയും ഏർപ്പെടുത്താൻ കഴിഞ്ഞിട്ടുണ്ട് .നൂറനാടിന്റെ ഹൃദയ ഭാഗമായ പടനിലത്ത് സ്ഥിതിചെയ്യുന്ന ഈ സരസ്വതി ക്ഷേത്രം നാടിന്റെ പുരോഗതിയ്ക്ക് വലിയ പങ്കാണ് വഹിച്ചിട്ടുള്ളത്. വിദ്യാഭ്യാസരംഗത്ത് മാത്രമല്ല കലാ- സാംസ്കാരിക- ശാസ്ത്രമേഖലകളിൽ ഒക്കെതന്നെ അനവധി പ്രതിഭ കളെ നാടിന് സമ്മാനിക്കാൻ നമ്മുടെ സ്ക്കൂളിന് കഴിഞ്ഞിട്ടുണ്ട്. ഇത്തവണ കുട്ടികളുടെ സർഗാത്മക രചനകൾ ഉൾപ്പെടുത്തി കൊണ്ട് ഒരു ഇ-മാഗസിൻ തയ്യാറാക്കുകയാണ്. ഇതിൽ പിച്ചവയ്ക്കുന്ന ഓരോ കുഞ്ഞു മനസുകൾക്കും സർഗ്ഗാ ത്മകതയുടെ അനന്തവിഹായസ്സിലേക്ക് പറന്നുയരാൻ ശക്തി ഉണ്ടാകട്ടെ എന്നാശംസിച്ചു കൊണ്ട് ലിറ്റൽകൈറ്റ്സിന്റെ ഈ പ്രവർത്തന ത്തിന്എല്ലാവിധ അഭിനന്ദനങ്ങളും നേരുന്നു

**പി ശ്രീജ : ഹെഡ്മിസ്ട്രസ്**



നൂറനാട്ടെ ആദ്യത്തെ ഹൈസ്ക്കൂളായ നമ്മുടെ സ്ക്കൂൾ 65 വർഷം പിന്നിട്ടിരിക്കുകയാണ്. 2017 -18 അധ്യയനവർഷം നമ്മുടെ സ്ക്കൂളിന് വളരെയേറെ നേട്ടങ്ങൾ കൈവരിക്കാൻ കഴിഞ്ഞു. എസ്എസ്എൽസിക്ക് നല്ല വിജയം നേടാൻ കഴിഞ്ഞത് എടുത്തുപറയേണ്ടതാണ്. പാഠ്യ പാഠ്യേതര പ്രവർത്തനങ്ങൾ, പഠന നിലവാരം, അച്ചടക്കം എന്നിവ ഈ സ്ക്കൂളിന്റ മുഖമുദ്രയാണ്. ജില്ലാതല ത്തിലും സംസ്ഥാനതലത്തിലും ശാസ്ത്രോത്സവത്തിൽ പങ്കെടുത്ത് പ്രതിഭതെളിയിച്ച കുട്ടികൾ ഇവിടെയുണ്ട്. കലോത്സവങ്ങളിലും ധാരാളം കുട്ടികൾ കഴിവ്തെളിയിക്കുന്നു. വിവിധ ക്ലബ്ബുകൾ നല്ലരീതിയിൽ പ്രവർത്തിച്ചുവരുന്നു. 2018- 19 അധ്യയനവർഷത്തിൽ 5 മുതൽ 10 വരെയുള്ള ക്ലാസ്സുകളിലായി 668 കുട്ടികളും ഹയർസെക്കൻഡറി വിഭാഗത്തിൽ 432 കുട്ടികളും ഉൾപ്പെടെ 1100 വിദ്യാർത്ഥികൾ പഠിക്കുന്നു സ്കൗട്ട്, ഗൈഡ്സ് , റെഡ് ക്രോസ്, എൻഎസ്എസ്, ലിറ്റിൽ കൈറ്റ്സ് യൂണിറ്റുകൾ കാര്യക്ഷമ മായി പ്രവർത്തിച്ചുവരുന്നു. നല്ലരീതിയിൽ പ്രവർത്തിക്കുന്ന കമ്പ്യൂട്ടർ ലാബും, ലൈബ്രറിയും, സയൻസ് ലാബും ഈ സ്ക്കൂളിൻറെ മികവിന് മാറ്റുകൂട്ടുന്നു. മെച്ചപ്പെട്ട അധ്യയനവും കൃത്യമായ അച്ചടക്കവും വഴി കുട്ടികൾക്കും സമൂഹ

ത്തിലും സർവ്വതോമുഖമായ പുരോഗതി നേടിക്കൊടുത്തുകൊണ്ട് നമ്മുടെ ഗ്രാമത്തിന്റെ പൈതൃക സ്വത്തായ ഈ സരസ്വതീ ക്ഷേത്രം വളർച്ചയുടെ പാതയിൽമുന്നേറുകയാണ്.

ലിറ്റിൽ കൈറ്റ്സിന്റ നേതൃത്വത്തിൽ 'എന്റെ സ്ക്കൂളിന് ഒരു ഡിജിറ്റൽ മാഗസിൻ 'തയ്യാറാക്കുന്നത് ആദ്യമായിട്ടാണ്. ഏറെ മഹനീയമായ ഈ പ്രവർത്തനത്തിന് എല്ലാവിധ അഭിനന്ദനങ്ങളും നേരുന്നു

# നന്മകൾ നിറയുമീ വിദ്യാലയം



ആനിതോമസ്(പ്രിൻസിപ്പൽ)

പടനിലംഹൈസ്കൂളിൽ രണ്ടായിരാമാണ്ടിൽ ആണ്ഹയർസെക്കൻഡറി വിഭാഗം ആരംഭിക്കുന്നത്. സയൻസ് 2 ബാച്ചുംകൊമേഴ്സിൽ ഒരു ബാച്ചുമാണ് ആദ്യം അനുവദിച്ചത് . പിന്നീട് 2011 ൽ ഒരു കൊമേഴ്സ് ബാച്ച് കൂടി അനിവദിച്ചു. നൂറനാട്ടെ സാധാരണക്കാരുടെ ആശാകേന്ദ്രമായ ഈസ്ഥാപനത്തിൽ പ്ലസ് വൺ, പ്ലസ്ടു ക്ലാസ്സുകളിലായി ഇപ്പോൾ ആകെ 420 ഓളം കുട്ടികൾ പഠിക്കുന്നു. പാഠ്യ പാഠ്യേതര പ്രവർത്തനങ്ങളിൽ ഏറെമികവു പുലർത്തുവാൻ നമ്മുടെ കുട്ടികൾക്ക് കഴിയുന്നുണ്ട്. മികച്ച അദ്ധ്യയനവും അനുബന്ധപ്രവർത്തനങ്ങളും നടത്തുന്ന ഇവിടെ 20 അധ്യാപകരും അഞ്ച് അനധ്യാപക ജീവനക്കാരും ഉൾപ്പെടുന്നു. നാഷണൽ സർവീസ് സ്കീമിന്റ ഒരു യൂണിറ്റ് ശ്രീ. കെ. ജി.അജയൻസാറിൻറെ നേതൃത്വത്തിലും, സ്കൗട്ട്സിന്റ ഒരു യൂണിറ്റ് ശ്രീ .ബിനോയ് സാറിന്റെ നേതൃത്വ ത്തിലും ഗൈഡ്സിന്റ യൂണിറ്റ് ശ്രീമതി വീണയുടെ നേതൃത്വത്തിലും ഇവിടെ പ്രവർത്തിക്കുന്നു. സംസ്ഥാന ശാസ്ത്ര, ഗണിത ശാസ്ത്ര മേളകളിലും കലോത്സവ ങ്ങളിലും പങ്കെടുത്ത്നിരവധി ഗ്രേഡുകൾകരസ്ഥമാക്കിയ കുട്ടികൾ ഈ വിദ്യാലയ ത്തിന്റെ യശസ്സുയർത്തുന്നു.പഠനത്തിൽപിന്നോക്കം നിൽക്കുന്നവിദ്യാർഥികൾ ക്കായി രാവിലെയുംവൈകുന്നേരവും പ്രത്യേക ക്ലാസുകൾനടത്തുകയും അക്കാ ദമിക നിലവാരം മെച്ചപ്പെടുത്തി, വിജയശതമാനം ഉയർത്തിയെടുക്കാനും ശ്രമം നടന്നുവരുന്നു. സ്കൂളിലെ എല്ലാ പ്രവർത്തന രംഗങ്ങളിലും മാനേജ്മെന്റിന്റയും പിടിഎ യുടെയുംസൗഹാർദ്ദപരമായ സഹകരണമുള്ളതുകൊണ്ടാണ് മികച്ച നേട്ടങ്ങൾ കൈവരിച്ചുമുന്നോട്ട്പോകാൻ ഞങ്ങൾക്ക് കഴിയുന്നത് .ലിറ്റിൽ കൈറ്റ്സിന്റെ നേതൃത്വത്തിൽ പ്രകാശനം ചെയ്യുന്ന ഇ-മാഗസിന് എല്ലാവിധ ആശംസകളും നേരുന്നു

**ആലപ്പുഴ ജില്ലയിൽ, മാവേലിക്കര താലൂക്കിൽപ്പെട്ട നൂറനാട് ഗ്രാമപഞ്ചായത്തിന്റെ ഹൃദയഭാഗത്ത് പടനിലം പരബ്രഹ്മക്ഷേത്രത്തോട്ടു ചേർന്ന് സ്ഥിതിചെയ്യുന്ന സരസ്വതീക്ഷേത്രമാണ്*പടനിലം ഹയർ സെക്കന്ററി സ്കൂൾ.'***

# ചരിത്രം

1126 മാണ്ട് വൃശ്ചികം ഒന്നാംതിയതി പടനിലം ക്ഷേത്രസന്നിധിയിൽ, പ്രസിഡൻറാ യിരുന്ന പുന്നയ്ക്കാക്കുളങ്ങര മാധവൻ ഉണ്ണിത്താന്റെ അധ്യക്ഷതയിൽ കൂടിയ പൊതു സമ്മേളനം ആണ് പടനിലത്ത് ഒരു ഹൈസ്ക്കൂൾ എന്ന ആശയത്തിന് മൂർത്ത മായ ഒരു രൂപം നൽകുന്നത് .അതുവരെ നൂറനാട് - പാലമേൽ വില്ലേജുകളിൽ ഹൈസ്ക്കുളുകൾ ഒന്നും ഇല്ലാത്തതിനാൽ ഈ പ്രദേശത്തുള്ളവർ ഹൈസ്ക്കൂൾ വിദ്യാഭ്യാസത്തിനായി പത്തു കിലോമീറ്ററോളം അകലെയുള്ള സ്ക്കൂളുകളിലേക്ക് കാൽനടയായി പോകുന്ന സ്ഥിതിയായിരുന്നു. ഈ സ്ഥിതിക്ക് ഒരു പരിഹാരം കാണേണ്ടത് അനിവാര്യമായിരുന്ന ഒരു ഘട്ടത്തിലാണ് പടനിലം ക്ഷേത്രത്തിൽ മിച്ചമായി വന്ന ഒരു ചെറിയ തുക ഒരു ഹൈസ്ക്കൂൾ ആരംഭിക്കുന്നതിനായി നീക്കിവയ്ക്കാൻ സമ്മേളനം തീരുമാനിക്കുന്നത് . ഈ സമ്മേളനത്തിൽ നിന്നുതന്നെ സ്ക്കൂളിന് സ്ഥലം കണ്ടെത്തുന്നതിനും സ്ക്കൂൾനിർമ്മിക്കുന്നതിനും ആയി ഒരു കമ്മറ്റിയെ തെരഞ്ഞെടുത്തു .സ്ക്കൂൾ നിർമ്മാണം കമ്മിറ്റി അംഗങ്ങളിൽ മാത്രമായി ഒതുങ്ങുകയായിരുന്നില്ല. നൂറനാട് - പാലമേൽ പഞ്ചായത്തു കളിലെ മുഴുവൻ ജനങ്ങളും ഒരേ മനസ്സോടെ അണിനിരന്ന ഒരു് സംഭവമായിരുന്നു ഇത് .




ഒന്നുമില്ലായ്മയിൽനിന്നും ഒരു സരസ്വതീ മന്ദിരത്തിന്ഇവിടെ അടിത്തറ പാകുകയായിരുന്നു. ആവശ്യത്തിനുള്ള സ്ഥലം സമ്പാദിക്കുക പണം സ്വരൂപി ക്കുക, അംഗീകാരം നേടുക ഇവയായിരുന്നു പ്രധാന വെല്ലു വിളികൾ. കമ്മറ്റിയുടെ പ്രസിഡണ്ടായി ശ്രീ പുന്നയ്ക്കാക്കുള ങ്ങര മാധവൻ ഉണ്ണിത്താനെ തെരഞ്ഞെടുത്തു. ഈ കമ്മറ്റി നിശ്ചയദാർഢ്യത്തോടെ ഈ വെല്ലുവിളികൾ ഏറ്റെടുത്തു. വീടുവീടാന്തരം കയറിയിറങ്ങി, ക്ഷേത്രത്തിലെ പേരിൽ പറയിടീൽ നടത്തി ,പണം സമ്പാദിച്ചു .പുറമ്പോക്കുകളിലും പൊതുസ്ഥലങ്ങളിലും നിന്നിരുന്ന പടുകൂറ്റൻ മരങ്ങൾ വെട്ടി


,തടി ഉരുപ്പടികൾ ആക്കി പല വീടുകളിലായി സൂക്ഷിച്ചു .സ്ക്കൂളിനുള്ള സ്ഥലം സൗജന്യമായി നൽകിയത് പടനിലത്ത് മാധവശ്ശേരി മഠം, കൊയ്പ്പള്ളിമഠം എന്നിവരും മറ്റ് . ഏതാനും ചില കുടുംബക്കാരും ആയിരുന്നു.സ്ക്കൂളിന്റെ പേരിൽ രജിസ്റ്റർ ചെയ്ത സ്ഥലത്ത് കെട്ടിട നിർമ്മാണത്തിനായി നിസ്വാർത്ഥ സേവകരായി ജനങ്ങളെല്ലാം എല്ലാ കരകളിലും രംഗത്തിറങ്ങി . ആവശ്യത്തിനുള്ള വെട്ടുകല്ല് വെട്ടിയതും ഇതേ സ്ഥല ത്തുനിന്ന് പൊതുജനങ്ങൾ തന്നെയാണ്. 15- 4 - 1951 കൂടിയ പൊതുയോഗം വിദ്യാ ഭ്യാസ ഡയറക്ടർ ശ്രീ നാരായണൻ ഉണ്ണിത്താനെ കൊണ്ട് ഈ സരസ്വതി ക്ഷേത്രത്തിന്റ ശിലാസ്ഥാപനം നടത്തുവാൻ തീരുമാനിച്ചു .സ്ക്കൂൾ ഭരണസമിതി അംഗങ്ങളിൽ കൊയ്പ്പള്ളി മഠത്തിൽ നാരായണഭട്ടതിരി പ്രസിഡണ്ടായും നാരാ യണ മന്ദിരത്തിൽ ശ്രീ നാരായണൻ വൈദ്യർ വൈസ് പ്രസിഡണ്ടായും ചുമതല വഹിച്ചു . പ്രബുദ്ധ ജനത ഒന്നടങ്കം നിസ്വാർത്ഥ സേവനവുമായി മുന്നിട്ടിറങ്ങിയ പ്പോൾ ഇവിടെ ഒരു മഹത്തായ സ്ഥാപനം പിറവി കൊള്ളുകയായിരുന്നു. 1951 ജൂൺ മാസം ഇരുപതാം തീയതി കൂടിയ പൊതുയോഗം പടനിലം ഹൈസ്ക്കൂളിനു വേണ്ടി ഒരു ഭരണഘടന തയ്യാറാക്കി. പരബ്രഹ്മോദയം പടനിലം ഹൈസ്ക്കൂൾ മാനേജിംഗ് ട്രസ്റ്റിന്റെ നാമധേയത്തിൽ ശ്രീ മാധവൻ ഉണ്ണിത്താൻ മാനേജരായി സ്ക്കൂളിന് അംഗീ കാരം വാങ്ങുവാൻ തീരുമാനിച്ചു .ഇങ്ങനെ ശ്രീ പുന്നയ്ക്കാക്കുളങ്ങര മാധവൻ ഉണ്ണിത്താൻ മാനേജരായി പ്രസിദ്ധമായ പടനിലം ഹൈസ്ക്കൂൾ നിലവിൽ വന്നു.അഞ്ച് ,എട്ട് ക്ലാസുകളിൽ ആയി രണ്ടു ഡിവിഷൻ വീതം പ്രവർത്തനം ആരംഭിച്ച സ്ക്കൂൾ തുടർന്നുള്ള വർഷങ്ങളിൽ 6,7,8,9,10 ക്ലാസ്സുകൾ ആരംഭി ക്കുകയാണ് ചെയ്തത്.ആദ്യത്തെ ഹെഡ്മാസ്റ്റർ ശ്രീ ഡാനിയൽ സാറായിരുന്നു ഇന്ത്യൻ നാഷണൽ കോൺഗ്രസിന്റെ മാവേലിക്കര താലൂക്കിലെ പ്രധാന നേതാവാ യിരുന്നു അദ്ദേഹം . കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ സംസ്ഥാനത്തെ തന്നെ അറിയപ്പെടുന്ന നേതാവായിരുന്ന പുന്നയ്ക്കാക്കുളങ്ങര മാധവൻ ഉണ്ണിത്താൻ മാനേജർ ആയിരിക്കുമ്പോൾ ഇന്ത്യൻ നാഷണൽ കോൺഗ്രസിന്റെ നേതാവായ ശ്രീ ഡാനിയൽ സാറിനെ




ഹെഡ്മാസ്റ്ററായി നിയോഗിച്ചത് ഈ നാടിന്റെ രാഷ്ട്രീയ സംസ്കാരത്തെ എടുത്തുകാട്ടുന്നു. അധ്യാപകൻ എന്ന നിലയിൽ കുറഞ്ഞ കാലയളവുകൊണ്ട് ഏറെ പ്രശസ്ത നാകുവാൻ ഡാനിയൽ സാറിനു കഴിഞ്ഞു ആദ്യകാല വിദ്യാർത്ഥികളുടെ



മനസ്സിൽ വലിയ സ്ഥാനം നേടാൻ അദ്ദേഹത്തിന് കഴിഞ്ഞിരുന്നു. സാമൂഹ്യ രാഷ്ട്രീയ രംഗത്തെ മികച്ച വ്യക്തിത്വവും അതിലുമേറെ മികവു തെളി യിച്ച അധ്യാപകനു മായിരുന്ന അദ്ദേഹം.സ്കൂൾ ഹെഡ് മാസ്റ്ററായിരിക്കെ കൊച്ചാലുംമൂട്ടിൽ വച്ചുണ്ടായ ഒരു വാഹനാപകടത്തിൽ മരണ പ്പെടുകയാണുണ്ടായത്. അദ്ദേഹത്തിന്റെ വിയോഗം നൂറനാടിന് അക്ഷരാർത്ഥ ത്തിൽ ഒരു തീരാനഷ്ടമായി. ഡാനിയൽ സാറിന്റെ മരണത്തെ ത്തുടർന്ന് ശ്രീ ഗോവിന്ദപ്പിള്ള സാർ ഹെഡ്മാസ്റ്ററായി ചുമതലയേറ്റു. അധ്യാപക നായും തുടർന്ന് ഹെഡ്മാസ്റ്ററായും ദീർഘകാലം സേവനം അനുഷ്ഠിച്ച അദ്ദേഹ ത്തിന്റെ പ്രവർത്തനമാതൃക ഏറെ പ്രശംസ പിടിച്ചുപറ്റിയിട്ടുണ്ട് .വലിയ ഭയഭക്തി ആദരങ്ങളോടെയാണ് വിദ്യാർഥികൾ അദ്ദേഹത്തെ കണ്ടിരുന്നത് .സ്കൂളിനും പൊതുസമൂഹത്തിനും അദ്ദേഹം നൽകിയ സംഭാവനകൾ ബഹുമാനപൂർവ്വം സ്മരിക്കുന്നു.1955-56 വർഷം പ്രശസ്ത സാഹിത്യകാരൻ ശ്രീ ജോർജ്ജ് കാക്കനാടൻ നമ്മുടെ സ്കൂളിൽ അധ്യാപകനായിരുന്നു. ഗോവിന്ദപ്പിള്ള സാറിനു ശേഷം സ്കൂളിൽ ഹെഡ്മാസ്റ്റർ ആയത് ലക്ഷ്മണൻ സാറായിരുന്നു. മികച്ച ഒരു ജീവശാസ്ത്ര അധ്യാപകനായിരുന്ന അദ്ദേഹം സ്കൂളിന്റെ സർവ്വതോമുഖമായ വളർച്ചക്ക് വളരെയേറെ സംഭാവനകൾ നൽകി. നൂറനാടിന്റെ വിദ്യാഭ്യാസചരിത്രത്തിൽ ഒരു ശുക്രനക്ഷത്രം ആയി ലക്ഷ്മണൻ സാർ എന്നും തെളിഞ്ഞു നിൽക്കും.



ശ്രീ പുന്നയ്ക്കാക്കുളങ്ങര മാധവൻ ഉണ്ണിത്താനു ശേഷം സ്കൂൾ മാനേജരായി ശ്രീ വിളയിൽ നാരായണപിള്ള ചുമതലയേറ്റു. ഏതാണ്ട് 25 കൊല്ലത്തോളം അദ്ദേഹം സ്കൂൾ ഭരണം നടത്തി .പിന്നീട് ബൈലാ പ്രകാരം ഭരണസമിതി പിരിച്ചുവിട്ടു തെരഞ്ഞെടുപ്പ് നടത്തി . 1988 ൽ ശ്രീആർ പ്രഭാകരൻ പിള്ളയുടെ നേതൃത്വത്തിലുള്ള ഭരണസമിതി .പടനിലം ഹൈസ്കൂളിന് രണ്ടായിരാമാണ്ടിൽ ഹയർ സെക്കൻഡറി കോഴ്സ് അനുവദിച്ചുകിട്ടിയത് ഈ ഭരണ സമിതിയുടെ കാലത്താണ്.ഹയർസെക്കൻഡറി വിഭാഗ ത്തിനു വേണ്ടി പുതിയ കെട്ടിടം നിർമ്മിക്കുന്നതിനും, കൂടുതൽ ഭൗതിക സൗകര്യങ്ങൾ ഒരുക്കുന്നതിനും ഈ ഭരണസമതിക്ക് കഴിഞ്ഞിട്ടുണ്ട്



.ലക്ഷ്മണൻ സാർ 1981-ൽ സർവ്വീസിൽ നിന്നും വിരമിച്ചു. തുടർന്ന് പ്രഥമാധ്യാപകരായി ശ്രീ. നരേന്ദ്രൻ സാർ, ഗോപിനാഥപിള്ള സാർ , മാധവികുട്ടി ടീച്ചർ, കൃഷ്ണൻ ഉണ്ണിത്താൻ സാർ, സരസ്വതിയമ്മ ടീച്ചർ , ഇന്ദിരാ ദേവി ടീച്ചർ സുഷമകുമാരി ടീച്ചർ, എന്നിവർ ചുമതല യേറ്റു.ശ്രീ ആർ പ്രഭാകരൻ പിള്ളയ്ക്ക് ശേഷം സ്കൂൾ മാനേജരായി ശ്രീ എം ശശികുമാർ തെരഞ്ഞെടുക്കപ്പെട്ടു.അതിനു ശേഷം തെരഞ്ഞെടുക്കപ്പെട്ട ശ്രീ കെ മനോഹരൻ പടനിലം ഹയർ സെക്കൻഡറി സ്കൂളിലെ മാനേജരായി പ്രവർത്തിക്കുന്നു. ഹയർസെക്കൻഡറി വിഭാഗം പ്രിൻസിപ്പാളായി ശ്രീമതി അനി തോമസ് ടീച്ചറും ഹൈസ്കൂൾ വിഭാഗം പ്രഥമാധ്യാപികയായി ശ്രീമതി പി ശ്രീജ ടീച്ചറും പ്രവർത്തിക്കുന്നു .





**ഇന്നും നൂറനാടിന്റെ**

**നാഡീസ്പന്ദനങ്ങൾ ലോകത്തിലെ**

**പലകോണുകളിലുംനിറഞ്ഞുനിൽക്കുന്നത് ഈ**

**മഹത്തായ സ്ഥാപനത്തിന്റെ സന്തതികളിലൂടെ**

**ആണെന്ന അറിവ് നമ്മെ**

**ആവേശഭരിതരാക്കുന്നു**

# ലിറ്റിൽ കൈറ്റ്സ് ഐ.ടി. ക്ലബ്ബ് രൂപീകരണം




കുട്ടിക്കൂട്ടം എന്ന പേരിൽ , കുട്ടികളിൽ വിവര സാങ്കേതികവിദ്യാ അഭിരുചി വളർത്താൻ ആരം ഭിച്ച കൂട്ടായ്മ, ലിറ്റിൽ കൈറ്റ്സ് ആയി രൂപാന്തരപ്പെടുത്തി, 2018-19 വർഷത്തിൽ പ്രവർത്തനം ആരംഭിച്ചു .2018 ജനുവരി 22-ന് കേരളത്തിന്റെ മുഖ്യമന്ത്രി പിണറായി വിജയൻ ലിറ്റിൽ കൈറ്റ്സിന്റെ സംസ്ഥാന തല ഉദ്ഘാടനം തിരുവനന്തപുരത്ത് നിർവ്വഹിച്ചു.സ്റ്റുഡന്റ് പോലീസ് കേഡറ്റ് പദ്ധതിയുടെ മാതൃകയിലാണ് ഈ പദ്ധതി നടപ്പിലാക്കിയിരിക്കുന്നത്.. ജൂൺ ആദ്യ വാരം സ്കൂളിൽ നടത്തിയ അഭിരുചി പരീക്ഷയിലൂടെ 40 കുട്ടികൾ ക്ലബ് അംഗങ്ങളായി തെരഞ്ഞെടുക്ക പ്പെട്ടു .ജൂലൈയിൽ നടന്ന മറ്റൊരു പരീക്ഷയിലൂടെ അംഗങ്ങളിൽ അംഗത്വം തുടരാൻ താല്പര്യമി ല്ലെന്ന് അറിയിച്ച ചിലരെ മാറ്റി പുതിയ അംഗങ്ങളെ ഉൾപ്പെടുത്തി.ഹൈടെക് ക്ലാസ് മുറികൾ കൈകാര്യം ചെയ്യുന്നതിലുള്ള പരിശീലനവും അനിമേഷൻ സിനിമകൾ തയ്യാറാക്കാനുള്ള പരിശീലനവും നൽകി വരുന്നു.

കൈറ്റ് മിസ്ട്രസ് മാർ

ശ്രീമതി. കെ കെ ഹേമലേഖ

ശ്രീമതി.കെ ലീല

## ഫ്രീ സോഫ്റ്റ്‌വെയറും പ്രൊപ്രൈറ്ററി സോഫ്റ്റ്‌വെയറും

ഒരു ഉൽപന്നം വാങ്ങിക്കഴിഞ്ഞാൽ ഇഷ്ടാനുസരണം ഉപയോഗിക്കാനുള്ള സ്വാതന്ത്ര്യം വാങ്ങിയ ആളിന് ഉണ്ടാകണം. എന്നാൽ പകർപ്പവകാശമുള്ള ഒരു സോഫ്റ്റ്‌വെയർ ഒരാൾ വാങ്ങിയാൽ അത്തരം അവകാശങ്ങളൊന്നും ഉപയോക്താവിന് ലഭിക്കുന്നില്ല .ഒരു കമ്പ്യൂട്ടറിൽ അല്ലാതെ അയാളുടെ ഉടമസ്ഥതയിലുള്ള മറ്റൊരു കമ്പ്യൂട്ടറിൽ പോലും അത് പ്രവർത്തിപ്പിക്കാൻ അനുവാദമില്ല. ഇത്തരം സോഫ്റ്റ്‌വെയറുകളിൽ സോഫ്റ്റ്‌വെയറിന്റെ ഒബ്ജക്റ്റ് കോഡ് (കമ്പ്യൂട്ടറിന് മാത്രം മനസ്സിലാവുന്ന ഭാഷയിൽ ഉള്ളത് ) മാത്രമാണ് ഉപയോക്താവിന് ലഭിക്കുന്നത് .എന്നാൽ സോഫ്റ്റ്‌വെയറിന്റെ സോഴ്സ് കോഡ് (മനുഷ്യന് വായിച്ചാൽ മനസ്സിലാവുന്ന ഭാഷ യിൽ ഉള്ളത് )നിർമ്മാതാക്കൾ രഹസ്യമാക്കി വയ്ക്കും .സോഴ്സ് കോഡ് ലഭിച്ചാൽ മാത്രമേ മറ്റൊരാൾക്ക് സോഫ്റ്റ്‌വെയറിൽ മാറ്റം വരുത്താൻ സാധിക്കുകയുള്ളൂ.

ഫ്രീ സോഫ്റ്റ്‌വെയറുകൾ സോഴ്സ് കോഡ് സഹിതമാണ് നൽകുന്നത് സ്വതന്ത്ര സോഫ്റ്റ്‌വെയറിന്റെ ഉപയോക്താക്കൾക്ക് താഴെപ്പറയുന്ന സ്വാതന്ത്ര്യങ്ങൾ ഉണ്ടായിരിക്കും അവയെ അവയെ സോഫ്റ്റ്‌വെയർ സ്വാതന്ത്ര്യത്തിന്റെ പ്രമാണങ്ങൾ എന്നുപറയാം. അതുകൊണ്ടുതന്നെ വാങ്ങുന്ന ആൾക്ക് എവിടെയും ഏതു രീതിയിലും പ്രവർത്തിപ്പിക്കാം പഠിക്കാം പരിഷ്കരിക്കാം, പകർപ്പെടുക്കാം വിതരണം ചെയ്യാം ആവശ്യമായ രീതിയിലും മാറ്റം വരുത്തി ഉപയോഗിക്കാം ചുരുക്കിപ്പറഞ്ഞാൽ താഴെപ്പറയുന്ന സ്വാതന്ത്ര്യങ്ങൾക്ക് വിധേയമാണ് ഫ്രീ സോഫ്‌സ്‌വെയറുകൾ

1, ഏതാവശ്യത്തിനും വേണ്ടി പ്രവർത്തിക്കാനുള്ള സ്വാതന്ത്ര്യം നാം വാങ്ങിയ സോഫ്റ്റ് വെയർ ഏതു രീതിയിലും പ്രവർത്തിപ്പിക്കാനുള്ള സ്വാതന്ത്ര്യമാണ് ഇതുകൊണ്ട് ഉദ്ദേശിക്കുന്നത്

2, എങ്ങനെ പ്രവർത്തിക്കുന്നു എന്ന് പരിശോധിക്കുവാനും ആവശ്യങ്ങൾക്കനുസരിച്ച് പ്രോഗ്രാമിൽ മാറ്റം വരുത്തുവാനുള്ള അവകാശം . വാങ്ങിയ സോഫ്റ്റ് വെയറിന്റെ പ്രവർത്തനരീതി പഠിക്കുക , പരിശോധന നടത്താനുതകുന്ന വിവരങ്ങൾ ലഭ്യ മാക്കുക എന്നത് ഉപയോക്താവിന് അവകാശമാണ്

3, പകർപ്പെടുത്ത് വിതരണം ചെയ്യാനുള്ള അവകാശം സോഫ്റ്റ്‌വെയറിനെ പകർപ്പെടുത്ത് വിതരണം ചെയ്യുന്നതിനുള്ള ഉപയോക്താവിന്റെ അവകാശ മാണിത്

4, മെച്ചപ്പെടുത്താനും ഫലങ്ങൾ സാമൂഹ്യനന്മയ്ക്കായി പ്രസിദ്ധീകരിക്കാനുള്ള അവകാശം ഉപയോക്താവിന് ആവശ്യാനുസരണം മെച്ചപ്പെടുത്തുന്നതിനും സ്വന്തം ആവശ്യങ്ങൾക്കുള്ള കൂട്ടിച്ചേർക്കലുകൾ വരുത്തുന്നതിനുമുള്ള അവകാശമാണ് ഇത് . ഇതിനായി സോഫ്റ്റ്‌വെയറിന്റെ സോഴ്സ് കോഡ് ഉപയോക്താവിനും ലഭിച്ചിരിക്കണം

ഈ സ്വാതന്ത്ര്യങ്ങൾ സംരക്ഷിക്കുന്നതിന് സോഫ്റ്റ്‌വെയർ പകർപ്പവകാശ (copy right ) നിയമത്തിനു പകരമായി പകർപ്പ് ഉപേക്ഷ (copy left ) എന്ന ആശയമാണ് ഫ്രീ സോഫ്റ്റ്‌വെയർ ഫൗണ്ടേഷൻ മുന്നോട്ടുവയ്ക്കുന്നത് .GNU ജനറൽ പബ്ലിക് ലൈസൻസ് എന്ന സോഫ്റ്റ്‌വെയർ വിതരണ നിയമമാണ് പകർപ്പുപേക്ഷ നടപ്പിലാക്കുവാൻ ഉപയോഗിക്കുന്നത്

കെ കെ ഹേമലേഖ , കൈറ്റ് മിസ്ട്രസ്

# നിങ്ങളും കമ്പ്യൂട്ടറും 12 കല്പനകൾ....

1, കമ്പ്യൂട്ടറിനു മുന്നിൽ ഇരിക്കുമ്പോൾ മോണിട്ടറിൽ നിന്നും കണ്ണിലേക്ക് 45 സെന്റിമീറ്ററെങ്കിലും അകലം ഉണ്ടായിരിക്കുന്ന വിധത്തിൽ വേണം

ഇരിപ്പിടം ക്രമീകരിക്കാൻ 2, ശരീരം നിവർന്നിരിക്കണം

3, കണ്ണ് മോണിറ്റർ സ്ക്രീനിൽ നിന്നും മൂന്നു സെന്റിമീറ്ററെങ്കിലും മുകളിൽ ആയിരിക്കണം

4, പാദം തറയിൽ ആയിരിക്കണം

5, കമ്പ്യൂട്ടറും പരിസരവും പൊടിയോ നനവോ ഇല്ലാത്ത സ്ഥലത്ത് ആയിരിക്കാൻ ശ്രദ്ധിക്കണം

6, പാദരക്ഷകൾ കമ്പ്യൂട്ടർ മുറിയിൽ ഉപയോഗിക്കാതിരിക്കുക

7, കാന്തിക വസ്തുക്കൾ, വാട്ടർബോട്ടിൽ, ആഹാരപദാർത്ഥങ്ങൾ,

മൊബൈൽഫോൺ, മറ്റുപകരണങ്ങൾ തുടങ്ങിയവ കമ്പ്യൂട്ടർ ടേബിളിൽ വയ്ക്കരുത്

8, ഓണാക്കുന്നതിനും ഷട്ട്ഡൗൺ ചെയ്യുന്നതിനും ശരിയായ ക്രമം പാലിക്കണം

9, ഷട്ട്ഡൗൺ ചെയ്യുന്നതിന് മുമ്പ് തുറന്ന എല്ലാ പ്രോഗ്രാമുകളും അടയ്ക്കുക.

ഡ്രൈവിൽ നിന്നും സിഡി, മറ്റുപകരണങ്ങൾ സേഫായി റിമൂവ് ചെയ്യുക .

10, കേബിളുകളും അനുബന്ധ ഉപകരണങ്ങളും കമ്പ്യൂട്ടർ ഓൺ ആയിരിക്കെ ഊരി മാറ്റരുത്

11, നനഞ്ഞതോ പൊടി ഉള്ളതോ ആയ കൈകൊണ്ട് മൗസ് ലാപ്ടോപ്പിലോ ഡെസ്ക്ടോപ്പിലോ മൗസിലൊ കീബോർഡിലോ

സ്പർശിക്കാൻ പാടില്ല 12, മൗസ് ഉപയോഗിച്ച് കമ്പ്യൂട്ടർ നിർദ്ദേശങ്ങൾ

കൊടുത്തു കഴിഞ്ഞാൽ ചിലപ്പോൾ mouse pointer രൂപത്തിൽ വ്യത്യാസം വരുന്നതായി കാണാം അത് അത് കമ്പ്യൂട്ടർ പ്രവർത്തനനിരതമായി ഇരിക്കുന്നതിന് അടയാളമാണ് കാത്തിരിക്കുക എന്നതാണ് അതിനർത്ഥം അടയാളം മാറി അമ്പടയാളം വരുന്നതു വരെ ക്ഷമയോടെ കാത്തിരിക്കുക

# COMPUTER PIONEERS

The history of computing begins from 3000 years ago. Let us start with the people related to the development of computers and different machines used before the present day coputer were developed

**Chinese people**

- Developed Abacus
- It has a rectangular wooden frame.
- Horizotal rods with Beads strung in it
- Addition and subtraction done by changing the position of the beads
- Still being used in China ,Russia, Japan and India

**John Napier**

- In mid 1600s, developed Napier Bones device.
- It could divide and multiply the number by simply adding and subtracting their logarithms.

**William Oughtred**

- In 1620 developed slide rule device.
- Devise used for calculation works on the principle of logarithms

**Blaise Pascal**

- Was a French mathematician.
- In 1642 developed a device called Pascal's machine
- It was the first real mechanical calculator
- Adds and subtract numbers by using series of 8 rotating wheels.
- The same principle is used today in odometers to keep track of car mileage.

**Gottfried Von Leibnitz**

- In 1671,developed a machine that could not only add and subtract , But multiply divide and calculate square roots

### Charles Babbage

- Father of computers
- In, 1822, he managed to make a small model of a machine call "Difference Engine".
- This was the first machine which could perform calculation without any human intervention
- But when he tried to make a bigger model, parts where not available at that time
- He also developed "Analytical Engine"
- Instructions and data where fed into the device by means of punched cards
- Output was automatically printed
- Due to underdeveloped Technologies of the time he could not develop it futher.

### Lady Ada Lovelace.

- Known as 'disciple of Babbage'.
- She was the daughter of famous English poet lord Byron
- Developed binary number system for Babbaage's machine.
- She is also considered as the first computer programmer in the world.

### Herman Hollerith.

- In 1880, he developed a device called punched card.
- Coding of data is done by punches on cards called "Hollerith Code".
- Card has, 12 rows and 80 columns.
- After successful business with US government ,the tabulating machine company was developed.
- In 1924 this company became IBM.
- Later on it merged with other companies.

### Doctor Howard Aiken.

- Developed a machine card mark I.
- It was the first automatic calculator electronics (not electronic).
- Instructions were fed by means of holes punched on a paper tape and results where obtained in the form of holes punched in cards.

### Eckert and Mauchley.

- Developed ENIAC (Electronic Numerical Integrator and Calculator)
- First electronic calculator.

- Can Perform multiplication in  3000th of a second.
- Huge machine , 10 feet wide , 10 feet high, 100 feet long.
- Did not have internal memory
- Instructions fed by use of combination of various switches.
- Designed and built for Defence Services , for the development of new weapons

Von Neumann

- Hungarian mathematician
- In 1946 introduced Von Neuman's principle helped in the development of first stored program computer

Compiled by -V.Unnikrishnan,

School IT Co ordinator

# What is Linux

Linux is a computer operating system that can run on a variety  of hardware including the popular Intel system found on most desktop and laptop computers. It is modern   derivation of powerful Unix operating system that was introduced  way back in 1969.In recent years popularity of Linux has increased dramatically as computer users have discovered its many benefits

# Linux is released under GNU Public Licence thatensures it free to all users - no - one can charge for     this operating system so you will never have to pay for it.It is available  for free download on the internet but you may have to pay a distribution charge if you prefer to order a copy on CD - ROM

# Access to the source code of Linux is unrestricted and it may be changed . This has allowed thousands   of programmers around the world to refine the code in order to improve performance, eliminate bugs increase security

# Linux is truely a multi user multi-tasking operatng  system that allows multiple users to simultaneously    work with applications without experiencing ant  traffic problems. Many of the world's web servers run on Linux for this reason

# Linux is an extremely stable operating system - continuous up times of more than a year not   uncommon . It can be be upgraded "on the fly "

so it only needs a reboot, when adding a new hardware

# There are a large number of quality applications available to run on the Linux platform . There are c comparable commercial applications that run on other operating systems but, like Linux these too are free of charge. For instance ,the free Open Office Suite offers similar functionality to Microsoft Office suits and can even handle files in the popular **.doc** format

# With open - source software ,an administrator can know exactly what a program can do security dangers it presents. An open source application cannot secretly gather information about the user or send confidential information to third parties. The acid level of security integrity contrasts starkly against commercial software whose source code is closely guarded

## Evolution of Linux

In 1983 a visionary programmer named, Rechard Stallman began a moments called GNU project. Its philosophy was that software should be free from restrictions against copying or modification inorder to make better and efficient programs. This inspired programmers around the world to create a programsdriven by efficiency rather than by financial incentive

By 1991 the GNU project had created a lot of software tools including the GNU C compiler written by Stallmann himself. At that time many of the tools where incorporated into a Unix compatible operating system, by a 21 year old student of the University of Helsinki. His name was Linus Torvalds and he named the operating system Linux ( LINUs – uniX )

Linux was made available for download internet so other programers could test the tweak the source code, then return to Linus Torvalds. After a period of enthusiastic development Linux1 made available globally under GNU ( General Public Licence) which ensured it would remain free .

Programmers where keen to explore Linux and soon found amazing uses for it. In April 1996 , Researchers at Los Alamos National laboratory used Linux to run 68 PCs as a single parallel processing machine to simulate atomic shock waves . At $ 150,000 this supercomputer cost just one tenth the price of a comparable commercial machine. It reached peak speed of 19 billion calculations per second , making it the 315$^{th}$ most powerful super- computer in the world . It proved to be robust two - three

months later it still didn't have to be rebooted

Linux continued to grow in popularity as a text-based operating system. while Windows became the dominant graphical desktop operating system. Recognising that most PC users want the point-and click convenience of a graphical environment , the Linux camp began to develop a system comparable to the Windows desktop.

From a handful of enthusiasts in 1991 to millions of users now - Linux has come of age.Today's sleek K Desktop Environment (KDE) , Meta - city environment and Gnome environment now offer user - friendly alternative for Windows users Linux for the desktop and laptops

Compiled by V.Unnikrishnan

School IT Co ordinator

# RASPBERRY PI

The Raspberry Pi is a series of small single board computers_developed in the United Kingdom by the Raspberry Pi Foundationto promote teaching of basic computer science in schools and in developing countries.The original model became far more popular than anticipated,**[8]** selling outside its target market for uses such as robotics. It does not include peripherals (such as keyboards and mice) and cases. However, some accessories have been included in several official and unofficial bundles.

The organisation behind the Raspberry Pi consists of two arms. The first two models were developed by the Raspberry Pi Foundat - ion . After the Pi Model B was released, the Foundation set up Rasp- berry Pi Trading, with Edon Upton as CEO, to develop the third model, the B+. Raspberry Pi Trading is responsible for developing the technology while the Foundation is an educational charity to promote the teaching of basic computer science in schools and in developing countries.

# Can You Name these Computer Parts?




**KEYBOARD** **SPEAKERS** **MOUSE**

**HEADPHONES** **MONITOR** **COMPUTER**

ANSWer 1.MONITOR

2.COMPUTER

3.HEAD PHONES

4.MOUSE

5.KEY BOARD 6.SPEAKERS Abhinav V (x . A)

# BASIC INFORMATION

1 . Which of the following is the first calculating device?
Abacus

2 .Who invented mechanical calculator called Pascaline?

Blaise Pascal

ASWAN(X A)



3 .Who among the following considered as the 'father of artificial intelligence'?

John Mc Carthy

4 .Which was the world's first successful electronic computer?

ENIAC electronic Numerical Integrator and computer

5 . Who among the following used the term computer worm for the first time? John Brunner

6 . Which was first virus detected on ARPANET, the forerunner of the internet in the early 1970s?
Creeper Virus

7 .Select the example of application software of computer:

Libre office AND GIMP

8.FULL FORM OF “KITE”

Kerala Infrastructure and Technology for Education

# ഓണാട്ടുകരയുടെ തനത് സ്പർശമുള്ള രചനകളും

## എഴുത്തുകാരും



വിശ്വൻ പടനിലം

കേരളത്തിൻറെ സൗന്ദര്യാരാമം എന്നു വിശേഷിപ്പിക്കപ്പെടുന്ന ഓണാട്ടു കര പ്രദേശം ദേശ വൃക്ഷങ്ങളുടെ സമൃദ്ധി, പൂഴി മണ്ണിന്റെ മണം, വയലേലകളുടെ ഹരിത ഭംഗി എന്നിവയുടെ സംഗമസ്ഥാനമാണ്. ആലപ്പുഴ ജില്ലയിലെ കാർത്തികപ്പള്ളി, മാവേലിക്കര താലൂക്കകളിലും കൊല്ലം ജില്ലയിലെ കരുനാഗപ്പള്ളി, കുന്നത്തൂർ താലൂ ക്കുകളിലുമായി വ്യാപിച്ചു കിടക്കുന്ന സമതല ഭൂമിയായ ഓണാട്ടുകര കാർഷിക സമൃദ്ധിയുടെയും സാഹിത്യ കലാദി സൗന്ദര്യലഹരി കളുടെയും വിള ഭൂമിയാണ്

പുകൾപെറ്റ നിരവധി സാഹിത്യകാരന്മാരും കലാകാരന്മാരും ജന്മംകൊണ്ട നാടാ ണിത്. കേരളപാണിനി ഏ .ആർ. തമ്പുരാൻ, എൻ പി ചെല്ലപ്പൻനായർ, തോപ്പിൽ ഭാസി, എസ് ഗുപ്തൻ നായർ, കെ സുരേന്ദ്രൻ, പാറപ്പുറത്ത്, പി പത്മ രാജൻ, കാമ്പി ശ്ശേരി കരുണാകരൻ, ഇലിപ്പക്കുളം രവീന്ദ്രൻ തുടങ്ങി എത്രയെത്ര എഴുത്തുകാർ സാഹിത്യ നഭോ മണ്ഡലങ്ങളിൽ ജ്വലിച്ചുനിൽക്കുന്ന താരങ്ങളായത് ഓണാട്ടു കരയുടെ നാൽക്കവലകളിലും കൃഷിയിടങ്ങളിലും ജീവിച്ച പച്ച മനുഷ്യരുടെയും ഹൃദയത്തുടിപ്പുകളെ അക്ഷരങ്ങളിൽ ആവാഹിച്ച് പുനഃ സൃഷ്ടിക്കപ്പെട്ട പ്പോഴാണ്

ഓണാട്ടുകരയുടെ തനതു ഭാഷ അതേപടി തന്റെ കൃതികളിൽ പകർത്തിയ എഴുത്തു കാരനാണ് തോപ്പിൽ ഭാസി.നാടകം നാടിനകം തന്നെയാക്കി ഒരു സമൂഹത്തെ മാറ്റിമറിക്കാൻ കഴിഞ്ഞ നാടകാചാര്യൻ തോപ്പിൽ ഭാസി ഓണാട്ടുകരയുടെ ജീവിത സ്പർശം സ്വന്തം രക്തത്തിൽ അലിയിച്ചവള്ളികുന്നത്തു കാരനായ എഴുത്തു കാരനാണ്.മലയാള നാടകവേദിയുടെ ഭാവുകത്വ പരിസരത്തെ പുതുക്കി പണിത നാടകമായിരുന്നു നിങ്ങളെന്നെ കമ്മ്യൂണിസ്റ്റാക്കി.1950 ആകുമ്പോഴേക്കും ഓണാട്ടു കരയുൾക്കൊള്ളുന്ന മധ്യതിരുവിതാംകൂറിന്റെ സാമൂഹ്യ- രാഷ്ട്രീയ കാലാവസ്ഥയും ഘടനാപരമായ അവസ്ഥയിലും ആകെ മാറിത്തുടങ്ങുന്നതിന്റെ ചിത്രമാണ് നാടകം, ജന്മിത്വത്തിനും ഭൂവുടമ വ്യവസ്ഥയ്ക്കെതിരെ മണ്ണിൻറ നിറവും

മണവുമുള്ള മനുഷ്യ രുടെ ശക്തമായ ചെറുത്തുനിൽപ്പിന്റ അവിശ്വസനീയമായ രൂപ പരിണാമത്തിന്റ ആവിഷ്കാരമാണ് നിങ്ങളെന്നെ കമ്മ്യൂണിസ്റ്റാക്കി. നാടകത്തിലെ പ്രധാന കഥാ പാത്രമായ പരമുപിള്ള ഫ്യൂഡൽ പാരമ്പര്യത്തിന്റ അവസാന കണ്ണിയാണ്. നാടകം ആരംഭിക്കുമ്പോൾ പരമുപിള്ള ഒരു മടലുണങ്ങിയ ഓലയുമായാണ് രംഗത്തുവരുന്നത്. നാടകം അവസാനിക്കുമ്പോൾ അയാൾ പുതിയ കാലത്തിന്റെ കൊടിയും പിടിച്ച കൊണ്ട് മുന്നോട്ടുപോവുകയാണ്. അടിമുടി മാറിയ പരമുപിള്ള മാറിത്തുടങ്ങിയ സാമൂഹ്യ യാഥാർത്ഥ്യത്തിന്റ അടയാളമാണ്. ഈ നാടകത്തിലെ പരമുപിള്ളയും ഗോപാലനും മാത്യൂ വും, കറമ്പനും മാലയുമൊക്കെ ചേർന്ന് സാമൂ ഹിക ജീർണതയുടെ വൻമതിൽ പൊളിച്ചറിയുകയാണ്തോപ്പിൽഭാസിയുടെ കഥാപാത്രങ്ങൾ സംസാരിച്ചത് ഓണാട്ടുകരയുടെ സവിശേഷമായ ഭാഷാ രൂപ ത്തിലായിരുന്നു. കാർഷിക സമൃദ്ധമായ ഓണാട്ടുകരയുടെ കാർഷിക പദാവലി കളെ ഒരു കവിതയിലെ രൂപകം പോലെ കോർത്തെടുത്തു. പരമ പിള്ളയുടെ രൂപ വർണ്ണന തന്നെ ഇങ്ങനെയാണ്. " ചാക്കിൽ കുരുപ്പുവിത്തു കെട്ടിയാൽ പിടിച്ച കിളി ച്ചിറങ്ങുന്നതുപോലെ മുക്കാലും കഷണ്ടി ബാധിച്ച തലയിലും മുഖത്തും ഒരുപോലെ നരച്ച കുറ്റിരോമം വളർന്നിരിക്കുന്നു" . ഓണാട്ടുകരയിൽ വ്യാപകമായി ഉപയോഗി ക്കുന്ന സംസാരഭാഷയും തനതു ശൈലികളും നാടകങ്ങളിൽ ധാരാളമായി ഉപയോഗിച്ചിട്ടുള്ള എഴുത്തുകാരനാണ് തോപ്പിൽ ഭാസി.



ഓണാട്ടുകരയിലെ ദരിദ്ര കർഷകരുടെ കണ്ണീരിന്റ ഉപ്പ്പാറപ്പുറത്തിന്റ കൃതികളിൽ ഊർജ്ജം പകർന്നിരിക്കുന്നത് കാണാം. പഴയ തറവാടുകളുടെ നെടുമ്പുരകളിൽ പൊയ്പോയപ്രതാപത്തിന്റെ ഓർമ്മകൾ അയവിറക്കി ചൈത ന്യമറ്റു കഴിയുന്നവരുടെ ജീവിതം പാറപ്പുറത്തിനെ അതിരറ്റ് അലട്ടിയിരുന്നു. പണിതീരാത്ത വീടിന്റ മുഖവുര തന്നെ ഏറെ ശ്രദ്ധേയമാണ്.പാറപ്പുറത്തിന്റ കഥാപാത്ര വർണ്ണനയും കഥാ പരിസരംസൃഷ്ടിയുമൊക്കെ ഓണാട്ടുകരയുടെ വയലിടങ്ങളിലും പറമ്പുകളിലും തൊടിയിലും നിന്ന് കണ്ടെടുത്തവയാണ്– അനന്യസാധാരണമായ സൗന്ദര്യ ബോധത്തോടെ. ചീനിനടുക, വർക്കത്തുള്ള പെണ്ണ് തുടങ്ങിയവയൊക്കെ ഓണാട്ടുകര സംസ്കൃതിയുടെ സ്വന്തം




അടിച്ചു പിടിച്ച മഴ– ഓണാട്ടുകരയുടെ ഗ്രാമ്യ ഭാഷാപ്രയോഗം പാറപ്പുറത്തിന്റ പല കൃതികളിലും വിവിധതരത്തിൽ പ്രയോ ഗിക്കപ്പെടുന്നുണ്ട്. സംസാരിക്കുക എന്നതിനുപകരം" ഉരിയാടുക "എന്ന പദം പാറപ്പുറത്ത് ഉപയോഗിക്കുന്നതും ഓണാട്ടുകരയുടെ തനത് സംഭാവനയാണ്." ഇരുന്നുണ്ണുന്നവൻ എരന്നു ചാകും" എന്ന പ്രയോഗം അധ്വാനിക്കാത്തവൻറ അധഃ പതനത്തെ കാണിക്കുന്നതുപോലെ ഓണാട്ടുകരയുടെ അർത്ഥവത്തായ

പഴഞ്ചൊല്ലുകളുടെ തനിമ പൂർണമായ നിരവധി പ്രയോഗങ്ങൾ പാറപ്പുറത്ത് കൃതികളിൽ സുലഭമായി കാണാം.

കേരളത്തിനും മലയാളഭാഷയ്ക്കും അഭിമാനസ്തംഭമായി മാവേലിക്കരയിൽ നിന്ന് ഉയർന്നുപൊങ്ങി ചക്രവാളത്തിൽ വിരാജിക്കുന്ന അനശ്വര കഥാകാരൻ വി . പി ശിവകുമാർ മലയാളചെറുകഥയുടെ പരമ്പരാഗത സങ്കൽപങ്ങളെ നിഷേധിച്ചുകൊണ്ട്, കണ്ട വഴികളിലൂടെ നടന് നീങ്ങാതെ സ്വന്തം വഴി വെട്ടിക്കീറി

മുന്നേറിയ പ്രതിഭയാണ്. ആക്ഷേപഹാസ്യത്തിന്റെയും ചുട്ടുപൊള്ളുന്ന വേദനയുടെ യും ചോരയും നീരും മിറ്റുന്ന പച്ച യാഥാർഥ്യങ്ങളുടെയും വ്യത്യസ്ത തലങ്ങളിലൂടെ കഥയെ നേർകാഴ്ച യുടെ വരകളും വിസ്മയങ്ങളുമാക്കിമാറ്റിയ കഥാകാരനാണ് അദ്ദേഹം






ഓണാട്ടുകരയിലെ ആചാരാനു ഷ്ഠാനങ്ങളുമായി ബന്ധപ്പെട്ട മിത്തുകൾ ധാരാളമായി കഥകൾക്ക് ഇതിവൃത്ത ഇതിവൃത്തമാക്കിയിട്ടുള്ള കഥാകാര നാണ് ശിവരാമൻ ചെറിയനാട്." വിരുന്ന്" എന്ന കഥ പ്രസിദ്ധമായ ചെട്ടികുളങ്ങര ക്ഷേത്ര വുമായി ബന്ധ പ്പെട്ട ഐതിഹ്യം ഇതി വൃത്തമാക്കി കാലികമായ മനുഷ്യാവ സ്ഥകളിൽ ഒറ്റപ്പെടലിന്റെയും വേർപാടി ന്റെയുമൊക്കെ വ്യതിരിക്തമായ അനുഭവ തലങ്ങളെ അനുവാചക മനസ്സിനെ സംഘർഷക മാക്കുന്നു. ഐതി ഹ്യ ത്തിൽ അന്തർലീനമായിരിക്കുന്ന മിത്തിനെ കാലികമായ പ്രസക്തി യോടെ മനുഷ്യ സ്നേഹത്തിനായുള്ള കാത്തിരിപ്പിന്റ വിഹ്വലതകളാക്കി മാറ്റുന്നു

ഇത്തരത്തിൽ തനതു സ്പർശമുളഎത്രയെത്ര രചനകളും പുകൾപെറ്റ എത്രയെത്ര എഴുത്തുകാരുംസ്വന്തക്കാരാ യുള്ളവരാണ് ഓണാട്ടുകരക്കാര്

**സ്കൂളിലെ ചിത്രകല അദ്ധ്യാപകൻ എം.ആർ.രാജീവ്**
**(രാജീവ്കോയിക്കൽ) വരച്ച ചിത്രങ്ങളുടെ ശേഖരം**



ദൈവത്തിൻറെ സ്വന്തം നാട്



**കിഴക്കിന്റെ വെനീസ്**





# കേരളം എത്ര മനോഹരം .ആലപ്പുഴ എത്ര സുന്ദരം


















# വിദ്യാരംഗം കലാസാഹിത്യവേദി



വിദ്യാഭ്യാസത്തിന്റെ അടിസ്ഥാനശിലയാണ് മാതൃഭാഷ. മാതൃഭാഷ യിലൂടെ കലയുടേയും സാഹിത്യത്തിന്റെയും വിശാലമായ അന്ത രീക്ഷത്തിലേക്ക് പറന്നുയരാനും അവരുടെ സർഗ്ഗാത്മകത കണ്ടെത്തി പരിപോഷിപ്പിക്കാ സാഹിത്യാസ്വാദനശേഷി വളർത്താ നും ലക്ഷ്യംവെച്ച് പ്രവർത്തിക്കുന്ന ഒരു സംഘടനയാണ് വിദ്യാരംഗം കലാസാഹിത്യവേദി. ഔപചാരിക വിദ്യാഭ്യാസത്തിനു സമാന്തരമായി കുട്ടികളിലെ കലാ സാഹിത്യ വാസനകൾ വളർത്തിയെടുക്കാൻ ഇതിലൂടെ കഴി യുന്നു. സാഹിത്യാസ്വാദനശേഷി വ്യക്തി സത്തയുടെ പ്രധാന ഘടക മാണ്. ഇത് വായനയു മായി ബന്ധപ്പെട്ടിരിക്കുന്നു. വായന കുട്ടികളുടെ ചിന്താ ശക്തി വർദ്ധിപ്പിക്കുകയും സമൂഹത്തിന്റെ സാംസ്കാരികമായ വളർച്ച സാധ്യ മാക്കുകയും ചെയ്യുന്നു. ഭാഷാ പഠനം സാഹിത്യാസ്വാദനത്തിന് അനിവാര്യ മാണ് ഇളം മനസ്സുകളിൽ സർഗ്ഗാത്മകത ഉടലെടുക്കുന്നത് മാതൃഭാഷയി ലൂടെയാണ്.

സാഹിത്യം ചുറ്റുപാടിന്റെയും ജീവിതത്തിന്റെയെും തിരിച്ചറിവാണ്. ഇത് മനുഷ്യന്റെ വൈകാരിക തലവുമായി ബന്ധപ്പെട്ടിരിക്കുന്നു. സാഹിത്യ വൈകാരിക ശക്തി കുട്ടികളുടെ വ്യക്തി വികാസത്തിനും, സാംസ്കാരിക വളർച്ചയ്ക്കും ഉയർന്ന ജനാധിപത്യ ബോധത്തിനും കാരണമാകുന്നു. എനിക്കുള്ളതെല്ലാം സമൂഹത്തിനു സമർപ്പിക്കുക, എനിക്ക് ആവശ്യം വേണ്ടത് സമൂഹത്തിൽനിന്നും സ്വീകരിക്കുക ഇതിന് വിദ്യാർത്ഥികളെ പ്രാപ്തരാക്കുന്നത് ഭാഷാ സംസ്കാര ബോധമാണ്. പുതിയ പാഠ്യപദ്ധതി വിഭാവന ചെയ്യുന്ന കലയുടേയും സർഗ്ഗാത്മകതയുടെയും സൗന്ദര്യാത്മക മേഖലകളിൽ കുട്ടികൾക്ക് പരിശീലനം നൽകാനും വിദ്യാരംഗം കലാസാഹിത്യവേദിക്കു കഴിയുന്നുണ്ട്

കുട്ടികളുടെ സർവ്വതോന്മുഖമായ വികാസം ലക്ഷ്യംവച്ചുകൊണ്ട് ഒട്ടേറെ പ്രവർത്തനങ്ങളാണ് സ്കൂളിൽ നടത്തിവരുന്നത്. കലാമണ്ഡലം ഉണ്ണികൃഷ്ണ ന്റെ നേതൃത്വത്തിൽ കഥകളി അവതരിപ്പിച്ചു. പത്താംക്ലാസിലെ പാഠഭാഗമായ നളചരിതത്തിലെ" ചെറുതായില്ല ചെറുപ്പം" എന്ന ഭാഗത്തിന്റെ അവതരണവും നടത്തി. ഇത് കുട്ടികൾക്ക് ഒരു നവ്യാനുഭവമായിരുന്നു.2018-19 വർഷത്തെ പ്രവർത്തനങ്ങൾ ആരംഭിച്ചുകഴിഞ്ഞു. ജൂൺ 19 വയനാദിനം സമുചിതമായി ആചരിച്ചു. വായന വാരാഘോഷത്തിന്റെ ഭാഗമായി വായനാദിന പോസ്റ്റർ, രചനാമത്സരം, സാഹിത്യ ക്വിസ്സ് വായനാമത്സരം, കവിതയുടെ ചിത്രാവിഷ്കാരം എന്നിവ നടത്തുകയും വിജയികൾക്ക് സമ്മാനം നൽകുകയും ചെയ്തു

# കാഴ്ച

*******



എസ് രാജി( ടീച്ചർ)

**അൽപ്പംഭയപ്പാടിലാശങ്കയിൽ**

**ഞാനാ പുരവഞ്ചിതൻ പടിചവിട്ടി.**

**ഒട്ടൊന്നു കഴിഞ്ഞപ്പോൾ ഞാനറിഞ്ഞു**

**മനതാരിൽ നിറയുന്ന ഹർഷബാഷ്പം.**

**ഉത്സാഹക്കൊടിയേറ്റിൽ ഒഴുകി നീങ്ങീ**

**പുന്നമടയിലാ കൂറ്റൻ വഞ്ചി**

**ഏതിനാണിന്നേറെ ഭംഗിയിപ്പോൾ**

**ഈ നീണ്ട കായൽപ്പരപ്പിനാണോ**

**നീലാകാശത്തിന്റെ ചാരുതയ്ക്കോ**

**ഓളം വെട്ടും കായൽ പരപ്പും**

**തീരം തഴുകും തെങ്ങിൻ തലപ്പും**

**കാറ്റിനോടൊത്തു നൃത്തമാടും**

**പച്ചപ്പട്ടിൻ ഉടയാടയിട്ട**

**വയലേലയെന്നൊരീ സുന്ദരിയോ.**

**മുന്നോട്ടു നീങ്ങിടും നൗകയ്ക്കൊത്തു**

**പിന്നിലേക്കോടുന്നു വീടുകളും**

**അഭ്രപാളിയിൽ ദർശിക്കുന്നതുപോൽ**

**പണിയെടുക്കുന്നുണ്ടു നാരിമാരും**

.

**നീന്തിക്കളിക്കുകയാണവിടെ**





കോലാഹലത്തോടെ കുഞ്ഞുങ്ങളും

വാനിലായ് വാരി വിതറിയിട്ട

നക്ഷത്രം പോലെയാ കായലിലായ്

ചിതറിത്തെറിച്ചിതാ നീങ്ങിടുന്നു

നാനാതരത്തിലെ പുരവഞ്ചികൾ.

കിഴക്കൻ വെനീസിന്റെ ചന്തംകാണാൻ

സഞ്ചാരികളുമിന്നേറെയല്ലോ.

ക്യാമറക്കണ്ണുകൾ മിന്നിയപ്പോൾ

പടങ്ങൾ പകർത്തീ പലഭാവത്തിൽ.

ആകുലതയുത്ക്കണ്ഠയെല്ലാം

എപ്പോഴേ മാഞ്ഞുപോയെന്നിൽനിന്നും

ഉച്ചനേരത്തൊരു ചെറുതുരുത്തിൽ

കൂട്ടരെല്ലാരുമൊന്നിച്ച നേരം

ഓർമ്മയും പ്രായവും ഒന്നുപോലെ

പതിറ്റാണ്ടുകൾ പിന്നിലേക്കു പോയി.

മതിമറന്നാഹ്ലാദിച്ചാസുദിനം,

മനതാരിൽ നിന്നൊട്ടും മായുന്നില്ല .

*രാജി*

# ജീവിതം



യാന്ത്രികമീ ജീവിതമെന്നു നിനയ്ക്കിലും

ആസ്വദിക്കുന്നു ഞാനീ തിരക്കും.

ഉററവരിഷ്ടവിഭവം

നുണയുമ്പോൾ നിറയുന്നു

അതുമെനഞ്ഞോരെന്നുടെ

ഉള്ളവും.

പാച്ചിലിനിടയിലും

സഹകാരികൾ തൻ

സ്നേഹവചസ്സുകൾ

ഹിമകണമായി

പൊഴിയുന്നു.



ഹർഷവുമായെൻ ശിഷ്യർ

അരികിലെത്തുമ്പോൾ

അണയുന്നു

വസന്തവുമെന്നൊപ്പം.

കാലങ്ങൾക്കിപ്പുറം ചെയ്തുതീർക്കുകെന്നാൽ ചാരിതാർത്ഥ്യവും

# MATHEMATICS VERY EASY


| Powers and Square Roots To Memorize!!! | | |
|---|---|---|
| $1^2 = 1$ | $1^3 = 1$ | $\sqrt{1} = 1$ |
| $2^2 = 4$ | $2^3 = 8$ | $\sqrt{4} = 2$ |
| $3^2 = 9$ | $3^3 = 27$ | $\sqrt{9} = 3$ |
| $4^2 = 16$ | $4^3 = 64$ | $\sqrt{16} = 4$ |
| $5^2 = 25$ | $5^3 = 125$ | $\sqrt{25} = 5$ |
| $6^2 = 36$ | $6^3 = 216$ | $\sqrt{36} = 6$ |
| $7^2 = 49$ | $1^4 = 1$ | $\sqrt{49} = 7$ |
| $8^2 = 64$ | $2^4 = 16$ | $\sqrt{64} = 8$ |
| $9^2 = 81$ | $3^4 = 81$ | $\sqrt{81} = 9$ |
| $10^2 = 100$ | $4^4 = 256$ | $\sqrt{100} = 10$ |
| $11^2 = 121$ | $5^4 = 625$ | $\sqrt{121} = 11$ |
| $12^2 = 144$ | $1^5 = 1$ | $\sqrt{144} = 12$ |
| $13^2 = 169$ | $2^5 = 32$ | $\sqrt{169} = 13$ |
| $14^2 = 196$ | $3^5 = 243$ | $\sqrt{196} = 14$ |
| $15^2 = 225$ | $4^5 = 1024$ | $\sqrt{225} = 15$ |
| $16^2 = 256$ | $1^6 = 1$ | $\sqrt{256} = 16$ |
| $17^2 = 289$ | $2^6 = 64$ | $\sqrt{289} = 17$ |
| $18^2 = 324$ | $3^6 = 729$ | $\sqrt{324} = 18$ |
| $19^2 = 361$ | $1^7 = 1$ | $\sqrt{361} = 19$ |

SNEHA(IX-C)

Laws of Indices www.cazoommaths.com

| Regra | Exemplo |
|---|---|
| $a^m \times a^n = a^{m+n}$ | $2^5 \times 2^3 = 2^8$ |
| $a^m \div a^n = a^{m-n}$ | $5^7 \div 5^3 = 5^4$ |
| $(a^m)^n = a^{m \times n}$ | $(10^3)^7 = 10^{21}$ |
| $a^1 = a$ | $17^1 = 17$ |
| $a^0 = 1$ | $34^0 = 1$ |
| $\left(\frac{a}{b}\right)^m = \frac{a^m}{b^m}$ | $\left(\frac{5}{6}\right)^2 = \frac{25}{36}$ |
| $a^{-m} = \frac{1}{a^m}$ | $9^{-2} = \frac{1}{81}$ |
| $a^{\frac{x}{y}} = \sqrt[y]{a^x}$ | $49^{\frac{1}{2}} = \sqrt[2]{49} = 7$ |

DEVI.K.SUBHASH(IX C)




**HARSHA HARI(IX C)**

ആർ.ശ്രീദേവി (ടീച്ചർ)



# എന്റെനാട് നൂറനാട്

ആലപ്പുഴ ജില്ലയുടെ തെക്കുകിഴക്കുഭാഗത്തായി സ്ഥിതിചെയ്യുന്ന ഓണാട്ടുകരയുടെ ഭാഗം കൂടിയായ ഒരു പ്രദേശമാണ് നൂറനാട്. ഏതാണ്ട് അയ്യായിരത്തിൽ പരം വർഷങ്ങൾക്ക്മുമ്പ്നദീതടസംസ്കാരങ്ങൾ ഉദയം കൊണ്ടഒരുകാലത്ത്അച്ചൻ കോവിലാറിന്റ ഇരുകരകളിലും മനുഷ്യവാസം ആരംഭിച്ചു. കുന്നുകളും, മലകളും, സമതലങ്ങളും, വെള്ളക്കെട്ടുകളും കൊണ്ട് നിറഞ്ഞതായിരുന്നു ഈ പ്രദേശം. ചെമ്മണ്ണ്, ചരൽമണ്ണ്, തകിടി മണ്ണ്, എന്നിവകൊണ്ട് ഫലഭൂയിഷ്ഠമായി രുന്ന ഈ പ്രദേശം ജനജീവിതം ആരംഭിച്ചതോടെ കൃഷിക്ക് അനുയോജ്യമായ മാറി. കുടുംബവാഴ്ച കായികശേഷിയും മേൽക്കോയ്മയും ഏറ്റെടുത്തു. മറ്റു പ്രദേശങ്ങൾ പോലെ ജാതീയമായി മേൽക്കോയ്മ സ്ഥാപിക്കപ്പെട്ടു. ഇക്കാലത്ത് തമിഴകത്തുനിന്നും ഒരു ജനസമൂഹം ഈ പ്രദേശത്ത് ആധിപത്യമുറപ്പിച്ചു. അവർ മാവേലിക്കര( മഹാബലി ക്കര)യിലും, പന്തളത്തും രാജവംശ ങ്ങൾ സ്ഥാപിച്ച് ഭരണം നടത്തിയ തോടെ നാട്ടു രാജാക്കന്മാരും നാട്ടു പ്രമാണിമാരുംഇടപ്രഭുക്ക ന്മാരും രൂപമെടുത്തു. ഭരണകാര്യങ്ങൾ ക്കായി നാട്ടുരാജ്യത്തെ പല കര കൾ ആയി വിഭജിച്ചു. കരകളുടെ ചുമതല കരപ്രമാണി മാർക്കായി



കായംകുളംരാജ്യത്തിൻറയുംപിന്നീട്തിരുവിതാംകൂറിന്റയും ഭാഗമായിമാറി നൂറനാട്

ഓണാട്ടുകര സാംസ്കാരിക മേഖലയുടെഭാഗമായ ഈ പ്രദേശത്തെ ഏറ്റവും പ്രധാന ക്ഷേത്രം പടനിലംപരബ്രഹ്മക്ഷേത്രം.സ്വയംഭൂവായ പടനിലം പരബ്രഹ്മ ക്ഷേത്രം സർവ്വ ഐശ്വര്യങ്ങൾക്കും നിദാന മായി കൊണ്ട് നൂറനാടിന്റ നെറുകയിലൊരു നക്ഷത്ര തേജസ്സായി വിളങ്ങി നിൽക്കുന്നു.ഒപ്പം ശബരിമല ഇടത്താവളം എന്ന നിലയിലും നാല്പത്തൊന്നുദിവസം നീണ്ടുനിൽക്കുന്ന വൃശ്ചികോത്സവത്തിന്റ വ്യാതിയും പടനില ത്തിന് സുവർണ്ണ ശോദ നൽകുന്നു.വിദ്യാഭ്യാസ കാര്യത്തിലും വികസനകാര്യത്തിലു മൊക്കെ ക്ഷേത്രത്തിൻറെ പ്രവർത്തനം ശ്ലാഘനീയമാണ്. പടനിലത്തൊരു ഹൈസ്ക്രൂ ൾ എന്ന ആശയം തന്നെ ക്ഷേത്രവുമായി ബന്ധപ്പെട്ടാ യിരുന്നു എന്നത് എടുത്തു പറയേണ്ടതാണ്

1126-റാമാണ്ട് വൃശ്ചികം ഒന്നാംതീയതി പടനിലം ക്ഷേത്രസന്നിധിയിൽ പ്രസിഡൻറായ ശ്രീ. പുന്നയ്ക്കാകുളങ്ങര മാധവനുണ്ണിത്താന്റ അദ്ധ്യക്ഷതയിൽ ക്രൂടിയ പൊതുസമ്മേളനമാണ് പടനിലത്ത് ഒരു ഹൈസ്ക്രൂൾ എന്നആശയത്തിന് മൂർത്തമായ ഒരു രൂപം നൽകുന്നത്.

പ്രധാന ഉത്സവം ശിവരാത്രി മഹോത്സവമാണ്.ഇന്ന് ലോകം അറിയപ്പെടുന്ന ഏറ്റവും വലിയ നന്ദികേശ കെട്ടുകാഴ്ച്ചകൾ നിറയുന്ന ശിവരാത്രി ഉത്സവം നമ്മുടെ സ്വന്തമാണ്. നന്ദികേശ പൈതൃക ഗ്രാമമായി നാം ചരിത്രത്തിൽ ഇടം നേടുകയാണ്. ചരിത്രത്തിന്റെ വഴിയിൽ നൂറനാടിന്റ ഖ്യാതി ഉയർത്തിപ്പിടിച്ച ഒരു മഹനീയ



സ്ഥാപനമാണ് നൂറനാട്ടെ ലെപ്രസിസാനറ്റോറിയം.കുഷ്ഠരോഗബാധിതരായ ധാരാളം അന്തേവാസികളും അവർക്കുവേണ്ടി ആശുപത്രി ,ഗ്രന്ഥശാല,സാംസ്കാരികകേന്ദ്രം
തുടങ്ങിഎല്ലാവിധസൗകര്യങ്ങളുംഉൾപ്പെട്ടഒരുവാസസ്ഥലമായിരുന്നു ഇവിടം.

## ഇഷ്ടം

ഇഷ്ടമാണെനിക്കീ പ്രകൃതിയെ

ഒത്തിരിയൊത്തിരി ഇഷ്ടമാണ്

ആര്യ.എം 9A



ഇഷ്ടമാണെനിക്കീ തോട്ടും പുഴകളും

പൂവും മരങ്ങളും ഇഷ്ടമാണ്

ഇഷ്ടമാണെനിക്കീ മഞ്ഞും മഴയും

ആകാശനീലിമയനിക്കിഷ്ടമാണ്

ഇഷ്ടമാണെനിക്കെന്റെ സ്കൂളും

പുതു പുസ്തകത്തിന്റെ മണം ഇഷ്ടമാണ്

ഇഷ്ടമാണെനിക്കെന്റെ അച്ഛനമമ്മയും

ഒരു കൊച്ചുവീടെനിക്കിഷ്ടമാണ്

# തിരുമുറ്റത്തെത്തുവാൻ മോഹം



പതിറ്റാണ്ടുകൾക്കുമുമ്പ് സ്കൂൾ വിദ്യാഭ്യാസം പൂർത്തിയാക്കി പടനിലം സ്കൂളിന്റെ പടിയിറങ്ങുമ്പോൾ കണ്ണുകൾ ഈറനണിഞ്ഞിരുന്നു. നഷ്ടപ്പെട്ടുപോകുന്ന സൗഹൃദങ്ങളും ബാല കുതൂഹലത്തിനു കുളിർമ്മയേകി യ തണൽ മരച്ചുവടുകളും എല്ലാറ്റിനുമുപരി അറിവുകളുടെ സ്നേഹധാര പകർന്നുതന്ന അധ്യാപകരുടെ വാത്സല്യവും സംരക്ഷണവും... വീണ്ടും കാണണമെന്ന് പറഞ്ഞ് ചിതറിപ്പോയ സൗഹൃദങ്ങൾ പലവഴി പിരിഞ്ഞു. പല ഗുരുക്കന്മാരും വിദ്യാലയത്തോടു വിട പറഞ്ഞു.

കുറെ നാളുകൾക്കു ശേഷം വീണ്ടും അതേ ക്ലാസ് മുറികളിൽ ഒരു അധ്യാപികയായി തിരിച്ചെത്താൻ കഴിഞ്ഞത് മുൻജന്മ പുണ്യം. ക്ലാസിൽ കയറുമ്പോൾ എല്ലാ ഗുരുക്കന്മാരുടെയും പാദങ്ങളിൽ മ നസ്സാ പ്രണമിച്ചു. സ്വയം സമർപ്പിച്ചു. ഗുരുനാഥന്മാർ പകർന്നുതന്ന മാതൃക മുന്നിലിരിക്കുന്ന കുഞ്ഞുങ്ങളിലേക്ക് പകരാൻ ശ്രമിച്ചു.ഇത് എന്റെമാത്രം അനുഭവമല്ല. ഭാഗ്യവശാൽ ഇവിടെ അധ്യാപകരായെത്തിയവരിൽ ഭൂരിഭാഗവും ഈസ്കൂളിലെ പൂർവ്വവിദ്യാർത്ഥികൾ തന്നെ. ഇവിടുത്തെ പൂർവവിദ്യാർത്ഥികളല്ലാത്ത അധ്യാപകർക്കും അവർക്കു മുമ്പും അവരോടൊപ്പവും പഠിപ്പിച്ച ഗുരുവര്യന്മാരുടെ ഒപ്പമുള്ള ഓർമ്മകൾ സ്നേഹമസൃണമായി രുന്നു.

അദ്ധ്യാപകരായോ അനധ്യാപകരായോ ഇവിടെ തിരികെ യെത്താൻ കഴിയാത്ത ഒരു ഭൂരിപക്ഷമുണ്ട്. അവർ ദീപ്ത ശീതളമായ ഓർമ്മകൾ മനസ്സിൽ മങ്ങാതെ സൂക്ഷിച്ചവരാണ്. തങ്ങളുടെ കുഞ്ഞുങ്ങളെ ഈ പള്ളിക്കൂടത്തിൽ അയച്ച് അവർ ആ സ്നേഹജ്വാല കെടാതെ കാത്തു.അതിന്നിളയ തലമുറ സ്കൂൾ വിദ്യാഭ്യാസം കഴിഞ്ഞ് ജീവിത ത്തിന്റെ നാനാതുറകളിലേക്ക്

പറന്നവരും പറക്കാൻ വെമ്പുന്നവരും. ഓർമ്മകൾ അവരേയുംഈ വിദ്യാലയമുറ്റത്തേക്ക് മാടി വിളിക്കുന്നുണ്ടായിരുന്നു.

ശ്രീകല എസ്( ടീച്ചർ)

# പ്രവർത്തനങ്ങൾ...... സയൻസ് ക്ലബ്

യശഃ ശരീരനായ മുൻ ഹെഡ്മാസ്റ്റർ ശ്രീ ലക്ഷ്മണൻ സാറിന്റെയും മലയാളം അദ്ധ്യാപകനായിരുന്ന ശ്രീ. വാസുദേവൻ ഭട്ടതിരി സാറിന്റെയും നേതൃത്വത്തിൽ 1976 ൽ രൂപീകരിച്ച പടനിലം എച്ച്എസ്എസ് സയൻസ് ക്ലബ്ബ് 44 വർഷ ങ്ങൾ പിന്നിടുകയാണ്.

പരിമിതമായ എണ്ണം കുട്ടികളെ അംഗങ്ങളാക്കി പ്രവർത്തനമാരംഭിച്ച സയൻസ് ക്ലബ്ബ് 2018 ൽ സംസ്ഥാന ശാസ്ത്രമേളയിൽ പങ്കെടുക്കുകയും Improvised Experiment ന് സംസ്ഥാനത്ത് രണ്ടാം സ്ഥാനം നേടിയെടുത്തു.കേവലം മത്സരങ്ങളിൽ പങ്കെടു പ്പിക്കുക എന്നതിനപ്പുറം കുട്ടികളിൽ ശാസ്ത്രീയ മനോഭാവവും അന്വേഷണത്വരയും വളർത്തിയെടുക്കുവാൻ നമ്മുടെ സ്ക്കൂൾ സയൻസ് ക്ലബ്ബിന് ഒരളവോളം കഴിഞ്ഞിട്ടുണ്ട്. വിവിധ കാലഘട്ടങ്ങളിലായി നമ്മുടെ സയൻസ് ക്ലബിലൂടെ അനുഭവപാഠങ്ങളും നേതൃത്വപാടവവും നേടിയെടുത്ത പലരും സമൂഹത്തിന്റെ വിവിധ മേഖലകളിൽ ഉന്നത സ്ഥാനം വഹിക്കുന്നുണ്ടെന്ന് നമുക്ക് സന്തോഷം നൽകുന്നു. പഠനയാത്രകൾ സംഘടിപ്പിക്കുക, ശാസ്ത്രപഠനം, വാനനിരീക്ഷണ ക്യാമ്പുകൾ സംഘടിപ്പിക്കുക, ദിനാചരണങ്ങളുടെ സന്ദേശങ്ങൾ സമൂഹത്തിൽ എത്തിക്കുക, സമൂഹത്തിൽ ശാസ്ത്രാവബോധം സൃഷ്ടിക്കുക, പരീക്ഷണങ്ങളിലൂടെയും നിരീക്ഷണങ്ങളിലൂടെയും പ്രോജക്ടുകളിലൂടെയും, ശാസ്ത്രത്തിൻെറ വഴിയിലേക്ക് കുട്ടികളെ നയിക്കുക ഇവയൊക്കെ നാം വേറിട്ട

വഴികളിലൂടെ നടന്നുനീങ്ങിയ പാതകളാണ്. പരിസ്ഥിതിദിനാചരണം, ചാന്ദ്ര ദിനാഘോഷം, ഹിരോഷിമ നാഗസാക്കി ദിനാചരണങ്ങൾ, ദേശീയ ശാസ്ത്ര ദിനാഘോഷം, തുടങ്ങിയ വേളകളിലൊക്കെ ക്വിസ് മത്സരങ്ങൾ, പോസ്റ്റർ രചനാ മത്സരങ്ങൾ, ഉപന്യാസ മത്സരങ്ങൾ, വീഡിയോ പ്രദർശനങ്ങൾ, ക്ലാസുകൾ ബന്ധപ്പെട്ട ക്ലാസ്സുകൾ എന്നിവ നടത്തുന്നു

***വി.ഉണ്ണികൃഷ്ണൻ ( അദ്ധ്യാപകൻ)***

## വിദ്യാലയം

വിദ്യാലയം ഒരു പൂവാടി

വിദ്യാർത്ഥികളുടെ പൂവാടി

**സ്വാതി വിജയകുമാർ (IX C)**



വിദ്യകൾ പകർന്നുതരുന്ന


ഗുരുക്കന്മാരുടെ കേദാരം

പൂത്തുതളിർത്തു നിൽക്കുന്നൊരു

വൻ മരമാണെൻ വിദ്യാലയം

വിദ്യാലയമൊരു പൂവാടി

വിദ്യാർത്ഥികളുടെ



പൂവാടി

# ഗുഹാക്ഷേത്രങ്ങൾ



പ്രമീള(ടീച്ചർ)

മുംബൈ യാത്രക്ക് തയ്യാറെടുക്കുമ്പോൾ മനസ്സിലുണ്ടായിരു ന്നത് സാങ്കേതികവിദ്യയുടെ ഉത്തമമാതൃകയായ ഒരു മഹാനഗരമായിരുന്നു. പുതുമ യുടെയും ജീർണതയുടെയും ഇടയിലൂടെ യുള്ള നഗര കാഴ്ചകൾക്കിടയിൽ" ഗേറ്റ്‌വേ ഓഫ് ഇന്ത്യയിൽ " എത്തി ച്ചേർന്നു. ഇന്ത്യയെ നടുക്കിയ ഭീകരാക്രമണത്തിൽ ഇരയായ താജ് ഹോട്ടൽ ദൂരെ നിന്നു കണ്ടു. അതിമനോഹരമായ വാസ്തു ശില്പശാലയുടെ മകുടോദാഹരണ മാണ് ഈ പഞ്ച നക്ഷത്ര ഹോട്ടൽ. ഗേറ്റ് വേ ഓഫ് ഇന്ത്യയിലെ കാഴ്ചകൾക്കു ശേഷം അവിടെ നിന്ന് 10 കിലോമീറ്റർ കടലിലൂടെ യാത്രചെയ്ത് എലിഫന്റെ ദ്വീപിലെത്തി. കടലിനു നടുവിലെ ഈ വനവും പാറക്കെട്ടുകളും നമ്മെ അതിശയിപ്പിക്കും. ഏകദേശം 15 മിനിറ്റ് നടന്ന് എലിഫന്റെ ഗുഹാക്ഷേത്രത്തിൽ എത്തിച്ചേർന്നു.ഇവിടെയുള്ള ഭീമാകാര നായ ഒരു ആനയുടെ ശില്പത്തെ ആധാരമാക്കി പോർച്ചുഗീസുകാരാണ് ഈ ദ്വീപിന് എലിഫന്റെ എന്ന പേരു നൽകിയത്.പ്രധാന കവാടത്തിന് നീളം39.5 മീറ്റർ വീതി 18.3 മീറ്റർ ഉയരം5.5 മീറ്റർ എന്നിങ്ങനെയാണ്. ശ്രീ പരമേശ്വരന്റെ ശില്പങ്ങളാണ് ഇവിടെ കൂടുതലും. ഔറംഗസീബിന്റെ പടയോട്ടക്കാലത്ത് ഇവയിൽ പലതും നശിപ്പിച്ചിട്ടുണ്ട്. എങ്കിലും ഇവിടത്തെ ശിൽപങ്ങളുടെ ചാതുര്യവും വലുപ്പവും നമ്മെ അതിശയിപ്പിക്കും എന്നുള്ളതിന് സംശയമില്ല

അടുത്ത രാത്രിയിൽ മുഴുവൻ യാത്രചെയ്ത് ഞങ്ങൾ ഔറംഗബാദിൽ എത്തി. മനസ്സിൽ ഒരുപാടു കാലമായി കൊണ്ടുനടന്ന ഒരു മോഹമായിരുന്നു "അജന്താ -എല്ലോറ ഗുഹാക്ഷേത്രങ്ങൾ". അവിടേക്കാണ് യാത്ര എന്നുള്ളത് മനസിന് സവിശേഷമായ ഒരു ആനന്ദം നൽകി. ഔറംഗബാദിലെ ദൗലത്താബാദ് ഫോർട്ടിനടുത്തായാണ് എല്ലോറ ഗുഹാ ക്ഷേത്രങ്ങൾ.ഭാരതീയ വാസ്തുവിദ്യാ ശൈലിയിലുള്ള ഗുഹാക്ഷേത്രങ്ങളാണ് എല്ലോറയെ പ്രസിദ്ധമാക്കിയ ത്.



ഡക്കാനിലെ രാഷ്ട്രകൂട വംശ രാജാക്കന്മാരാണ് ഇത് നിർമ്മിച്ചത്. കിഴക്കാംതൂക്കായ പാറക്കെട്ടുകൾ തുരന്ന് നിർമ്മിച്ച 34 ഗുഹാക്ഷേത്രങ്ങളാണിവിടെയുള്ളത്. ചെത്തിമിനുക്കിയ കരിങ്കൽത്തൂണുകളിലാണ് ക്ഷേത്രഗോപുരം ഉറപ്പിച്ചിരി ക്കുന്നത്. ഓരോ ക്ഷേത്രവും ഓരോ പാറകളിൽ നിർമ്മിച്ച ഗുഹകളിലാണ്.ഒന്നിൽനിന്നും മറ്റൊന്നിലേക്ക് കരിങ്കൽ പാലങ്ങളുണ്ട്.

ഓരോ ക്ഷേത്രത്തിലും പുരാണ കഥാസന്ദർഭങ്ങൾ കൊത്തിവെച്ചിരിക്കുന്നു. രാമായണ മഹാഭാരതകഥകൾ ആലേഖനം ചെയ്ത ഗുഹാക്ഷേത്രങ്ങൾ കാണാം. അജന്താ ഗുഹാ ക്ഷേത്രങ്ങളിൽ ശ്രീബുദ്ധൻ ന്റെ ജീവിതകഥകളാണ് ശില്പങ്ങളായി വിരിയുന്നത്. ബി.സി രണ്ടാം ശതകം മുതൽ ഏഴാം ശതകം വരെയുള്ള കാലയളവിലാണ് ഈ വിശ്വോ ത്തര ചൈതന്യങ്ങൾ നിർമ്മിച്ചിരിക്കുന്നത്. ക്ഷേത്രങ്ങളുടെ അജന്താ ഗുഹാ ക്ഷേത്രങ്ങളുടെ മേൽക്കൂരയിൽ കാണപ്പെടുന്ന ചിത്രങ്ങളിൽ പേർഷൻ ചിത്രകലയുടെ സാന്നിധ്യവും നമുക്ക് ദർശിക്കാം.പുരാതന ഇന്ത്യയെ കണ്ടെത്താൻ ഇത്തരം യാത്രകൾ നമ്മെ സഹായിക്കും. മനുഷ്യരുടെ കഠിന പ്രയത്നത്തി നും,സ്ഥിരോത്സാഹത്തിനും കരവിരുതിനും, കലാമേന്മയ്ക്കും ഉത്തമ ഉദാഹരണങ്ങളാണ് ഈ ഗുഹാക്ഷേത്രങ്ങൾ. പ്രകൃതി ഒരുക്കിത്തന്ന ഭൂപ്രദേശങ്ങൾ എത്ര ഫലവത്തായാണ് പൂർവികന്മാർ ഒരുക്കിയിരിക്കുന്നത്

# <u>ഗണിതശാസ്ത്രക്ലബ്ബ്</u>

- നിത്യജീവിതത്തിൽ ഏറെ പ്രാധാന്യമുള്ള വിഷയമാണ് ശാസ്ത്രങ്ങളുടെ ശാസ്ത്രമായ ഗണിതശാസ്ത്രം. ഗണിതശാസ്ത്രത്തിൽ കുട്ടികൾക്കുള്ള താല്പര്യം വർധിപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങളുടെ ഭാഗമാണ് ഗണിതശാസ്ത്ര ക്ലബ്ബി ന്റെ രൂപീകരണം. ക്ലബ്ബിന്റെ പ്രവർത്തനത്തിന്റെ ഭാഗമായി എല്ലാവർഷവും ഗണിതശാസ്ത്ര മേഖലയിൽ പ്രവീണ രായവ്യക്തികളെ പങ്കെടുപ്പിച്ച് കുട്ടികൾ ക്ക് ക്ലാസ് നൽകിവരുന്നു. സ്കൂളിൽ നടത്തുന്ന ക്വിസ് മത്സരങ്ങൾ, കുട്ടികൾക്ക് ഗണിതശാസ്ത്രത്തിൽ താല്പര്യം വർധിപ്പിക്കുന്നതായി കാണുന്നുണ്ട്. ക്ലബ്ബിലെ കുട്ടികളെ പങ്കെടുപ്പിച്ച് ജ്യാമിതീയ ചാർട്ട്, സ്റ്റിൽ മോഡൽ, പ്യസിൽ, തുടങ്ങിയ ഇനങ്ങളിൽ നടത്തുന്ന മത്സരങ്ങൾ നല്ല നിലവാരം പുലർത്തുന്നവയാണ്. ഓണത്തോടനുബന്ധിച്ച് എല്ലാവർഷവും ക്ലാസ്സ് അടിസ്ഥാനത്തിൽ നടത്താറുള്ള ജ്യാമിതീയ പൂക്കള മത്സരത്തിനു ഏറെ ആവേശകരമായ പ്രതികരണമാണുള്ളത്. ഗണിത ശാസ്ത്രമേളകളിൽകുട്ടികളെപങ്കെടുപ്പിക്കുകയും സംസ്ഥാനതലത്തിൽ വരെ സമ്മാനങ്ങൾ നേടുകയും ചെയ്യുന്നുണ്ട്. ഗണിതത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികൾക്ക് രാവിലെയും വൈകുന്നേരവും പ്രത്യേക ക്ലാസ്സുകൾ എടുത്ത് ചതുഷ്ക്രിയകൾ ഉറപ്പിക്കുന്നു

എസ്. രാജി ( ടീച്ചർ)



# സോഷ്യൽസയൻസ് ക്ലബ്



വിദ്യാർത്ഥികളിൽ സാമൂഹിക അവബോധം സൃഷ്ടിക്കാനും ഉത്തമ പൗരന്മാരായി വളർത്തിയെടുക്കുവാനായും അവരെ സാമൂഹവുമായി ബന്ധിപ്പിക്കാനും ഉതകുന്ന രീതിയിൽ വിവിധ പ്രവർത്തനങ്ങളിൽ കുട്ടികൾ ഏർപ്പെടുന്ന രീതിയിൽ സാമൂഹികശാസ്ത്രക്ലബ്പ്രവർത്തിച്ചുവരുന്നു.സാമൂഹ്യശാസ്ത്രത്തിലെ അന്തഃസത്ത പഠനമാണ്- ആഴമേറിയ പഠനം. മാറിവരുന്ന കാലഘട്ടത്തിൽ സമൂഹത്തിൽ ഉണ്ടാകാവുന്ന, ഉളവാകേണ്ട മാറ്റം, ഒരു ശാസ്ത്രീയാഭിമുഖ്യ ത്തോടെ നിരീക്ഷണ വിധേയമാക്കണം. തത്വാധിഷ്ഠിത പഠനത്തിൽനിന്നും പ്രായോഗിക പഠനത്തിലേക്ക് നാം തിരിഞ്ഞു എന്നത് പ്രസ്താവ്യമാണ്. നിരീക്ഷണങ്ങളും പരീക്ഷണങ്ങളും, സാമൂഹ്യ ശാസ്ത്രത്തിലെ അടിസ്ഥാന ധാതുവായ മാറി. ഇതു നമ്മുടെ പാഠ്യ വിഷയങ്ങളിലും പ്രതിഫലിച്ചു കാണുന്നുണ്ട്.സാമൂഹ്യ ശാസ്ത്ര ത്തോട് കുട്ടികൾക്കുള്ള ആഭിമുഖ്യം വളർത്തുന്നതിനായി നിരവധി പ്രവർത്തനങ്ങൾ ഞങ്ങൾ നടത്തുന്നു. ജൂണിൽ തന്നെ ക്ലബ് രൂപീകരിക്കുകയും വിവിധങ്ങളായ മത്സരങ്ങളിൽ കുട്ടികളെ പങ്കെടുപ്പിക്കുകയും ചെയ്യുന്നു. ദേശീയ പ്രാധാന്യമുള്ള ദിനങ്ങൾ ആചരിക്കുകയും അതിനോടനുബന്ധിച്ച് ക്വിസ് മത്സരങ്ങൾ, ഉപന്യാസ മത്സരങ്ങൾ , റാലികൾ എന്നിവ നടത്തുകയും ചെയ്യുന്നു. ഉപജില്ലാ, ജില്ലാ ശാസ്ത്രമേളയിൽ കുട്ടികളെ പങ്കെടുപ്പിക്കുകയും നിരവധി സമ്മാനങ്ങൾ കരസ്ഥമാക്കുകയും ചെയ്യുന്നു

# അമ്മ



**അരുണ .കെ .മനോജ്**

അമ്മ സ്നേഹത്തിന്റെ രേഖാചിത്രമാണ്. മാതൃ സ്നേഹത്തിന്റെ മാധുര്യം ഇന്ന് ആർക്കും മനസ്സിലാകില്ല. മാതൃസ്നേഹത്തിന് തുല്യമായി ഈ പ്രപഞ്ചത്തിൽ ഒന്നും തന്നെയില്ല. ഇന്ന് സ്നേഹത്തിനും മാതാവിനും ആരും വിലകൽപ്പിക്കുന്നില്ല. അത് മനസ്സിലാക്കാൻ ശ്രമിക്കുന്നുമില്ല. സ്നേഹമെന്ന മൂന്നക്ഷരം കൊണ്ട് ലോകം എന്ന എഴുത്തോലയിൽ വരച്ച ഒരു മനോഹര ചിത്രമാണ് അമ്മ. മാതാവ് എന്ന വാക്കിൻറെ അർത്ഥം പോലും സ്നേഹത്താൽ നിറഞ്ഞത് എന്നാണ് ദ്രോഹിക്കാനല്ല സ്നേഹിക്കാൻ മാത്രമേ ഒരു അമ്മയ്ക്കു കഴിയൂ. നമ്മുടെ തെറ്റുകളെ ശകാരിക്കുന്നത് നാം നന്നായി കാണാൻ വേണ്ടിയാണ്. അങ്ങനെ ദേഷ്യഭാവ ത്തിൽ കൂടി പോലും അമ്മ സ്നേഹം പ്രകടിപ്പിക്കുകയാണ്. നമ്മുടെ ജീവിതത്തിലെ ഓരോ ഉയർച്ചയ്ക്കും അമ്മയുടെ താങ്ങ് ആവശ്യമാണ്. അമ്മമാരുടെ ഓരോ ചലനവും തന്റെ മക്കളുടെ ഉയർച്ച ആഗ്രഹിച്ചു കൊണ്ടാണ്.



**"മാതാവിൻറെ വാൽസല്യ ദുഗ്ധം നുകർന്നാലേ**

**പൈതങ്ങൾ പൂർണ്ണവളർച്ച നേടൂ"**

എന്ന വരികൾ വളരെ പ്രശസ്തമാണ്. അതുപോലെ തന്നെ വളരെ അർത്ഥവത്തുമാണ് . കവി ഭാവനകളിൽ എന്നും ഉണരുന്ന സ്നേഹ വാക്യമാണ് അമ്മ .അമ്മയെ സ്നേഹിക്കണം. അമ്മ നൽകുന്നതിൻറെ ഇരട്ടി സ്നേഹം നാം അമ്മയ്ക്കും കൊടുക്കണം ഇതാണ് ലോകത്തിലെ ഏറ്റവും മഹത്തായ കാര്യം

# സാമൂഹ്യനന്മയ്ക്കായ്

## സ്കൗട്ട്സ് ആൻഡ് ഗൈഡ്സ്



എസ്.വി.ദീപ(ടീച്ചർ)

അനിത.റ്റി(ടീച്ചർ)



സർ റോബർട്ട് സ്റ്റീഫൻസൺ മിത്ത് ബേഡൻ പവ്വൽ വിഭാവനംചെയ്ത ഈപ്രസ്ഥാനം1998 ൽ നമ്മുടെ സ്കൂളിൽ പ്രവർത്തനമാരംഭിച്ചു. കുട്ടികളുടെ സാമൂഹ്യ സേവനം, അച്ചടക്കം, സഹകരണ മനോഭാവം, വ്യക്തിത്വവികസനം എന്നിവ ലക്ഷ്യമാക്കിയുള്ള പ്രവർത്തനമാണ് നടക്കുന്നത്. സ്കൗട്ട്സ്ആയി അനിത ടീച്ചറുടെ നേതൃത്വത്തിൽ സ്കൗട്ട് യൂണിറ്റും ഗൈഡേഴ്സ് ആയി എസ്.വി. ദീപ ടീച്ചറിന്റെയും നേതൃത്വത്തിൽ ഗൈഡ് യൂണിറ്റും പ്രവർത്തിക്കുന്നു.




സ്കൂളിൽ ആചരിക്കുന്ന ദിനാചരണങ്ങളി ദേശീയ ആഘോഷങ്ങളിലും എല്ലാ അംഗങ്ങളുടെയും സജീവ സാന്നിധ്യമുണ്ട്. ഓരോ വർഷവും നടത്തുന്ന രാജ്യപുരസ്കാർ ടെസ്റ്റിങ് ക്യാമ്പിൽ നമ്മുടെ ഗൈഡുകളും സ്കൗട്ട് കളും തിളക്കമാർന്ന വിജയം നേടാറുണ്ട്. അതിലൂടെ ഗ്രേസ് മാർക്കിന് അർഹത നേടാനും കഴിയുന്നു. ഹയർ സെക്കൻഡറി തലത്തിലും ഓരോ യൂണിറ്റ് വിധം സ്കൗട്ടും ഗൈഡ്സും പ്രവർത്തിച്ചുവരുന്നു

പരിസ്ഥിതി ദിനത്തോടനുബന്ധിച്ചുള്ള വൃക്ഷത്തൈ നടീൽ, പുകയില വിരുദ്ധ ബോധവത്കരണ പരിപാടി, യുദ്ധവിരുദ്ധ കൂട്ടായ്മ, പ്രളയക്കെടുതിക്ക് ഫണ്ട് സമാഹരിക്കൽ, തുടങ്ങിയ പ്രവർത്തന ങ്ങളിൽ നമ്മുടെ സംഭാവനകൾ മികവുറ്റതാണ്. മാതൃകാപരമായ പ്രവർത്തനങ്ങളിലൂടെ ഒരു നല്ല തലമുറയെ വാർത്തെടുക്കാം എന്ന ലക്ഷ്യത്തോടെ പ്രവർത്തിക്കുന്ന യൂണിറ്റ് സ്കൂളിൻറെ പുരോഗതിക്ക് ചുക്കാൻ പിടിക്കുന്നു.

# അരുത്....... മറക്കരുത്



നയന പ്രദീപ്

തൊഴിച്ച വയറും.. ..

കുടിച്ച പാലും മറക്കരുത്...

ഇരുന്ന എളിയും....

നടന്ന വഴിയും മറക്കരുത്...

ജനിച്ച വീടും...

പഠിച്ച സ്കൂളും മറക്കരുത്....

തിന്ന ചോറും....

തന്ന കൈയ്യും മറക്കരുത്....

കുളിച്ച പുഴയും...

കളിച്ച കൂട്ടും മറക്കരുത്...

ചിരിച്ച മുഖവും......

നമിച്ച ശിരസ്സും മറക്കരുത്......

കൊടുത്ത സ്നേഹം......

തിരിച്ച വാങ്ങരുത്....

അടച്ച വാതിലിൽ......

ഒളിച്ച നോക്കരുത്....

പശിച്ച വയറിന്......

പിശുക്ക് നൽകരുത്.....

ശഠിച്ചതെല്ലാം...... അറപ്പ് തോന്നരുത്.....

പൊഴിഞ്ഞതെല്ലാം.....

പഴത്തതാവില്ല.....

പിടിച്ച വാങ്ങരുത്......

കേട്ടതൊക്കെയും.......

സത്യമാക്കരുത്....

നരച്ചമുടി യോട്.....



# ജൂനിയർ റെഡ് ക്രോസ്



കെ.ഗീത(ടീച്ചർ)

2012-13 അധ്യയന വർഷമാണ് പടനിലം എച്ച്എസ്എസിൽ ജൂനിയർ റെഡ് ക്രോസിന്റെ ഒരു യൂണിറ്റ് പ്രവർത്തനമാരംഭിക്കുന്നത്. റെഡ് ക്രോസ്സ് സൊസൈറ്റിയുടെ കീഴിൽ വിദ്യാർത്ഥികൾക്കുവേണ്ടി ജൂനിയർ റെഡ് ക്രോസ് പ്രവർത്തിക്കുന്നു. ഇവർക്ക് എ, ബി, സി, level ടെസ്റ്റുകളിലൂടെ Grace mark അനുവദിച്ചിട്ടുണ്ട്.ജൂനിയർ റെഡ്ക്രോസിന്റെ പ്രവർത്തനങ്ങൾ പ്രധാനമായും മൂന്നു ലക്ഷ്യങ്ങളെ അടിസ്ഥാനമാക്കിയുള്ളതാണ്. ആരോഗ്യം അഭിവൃദ്ധി പ്പെടുത്തുക, സേവന സന്നദ്ധതയുള്ള ഒരു തലമുറയെ വാർത്തെടുക്കുക, അന്താരാഷ്ട്ര സൗഹൃദം സമ്പുഷ്ടമാക്കുക എന്നിവയാണ്.ദേശീയപ്രാധാന്യമുള്ള എല്ലാ ദിനങ്ങളിലും കുട്ടികൾ പങ്കെടുക്കേണ്ടതുണ്ട്. സ്കൂൾ യൂണിറ്റ് നടത്തുന്ന ശുചീകരണം, ജീവകാരുണ്യം സേവന പ്രവർത്തനങ്ങൾ എന്നിവയിൽ കുട്ടികൾ പങ്കെടുത്ത്75% ഹാജർ നേടിയിരിക്കണം.സാമൂഹ്യജീവിതത്തിൽ കുട്ടികളെ നേതൃനിലയിലേക്ക് ഉയർത്തിക്കൊണ്ടുവരാനും ഉത്തമ പൗരന്മാരായി വളർത്തിയെടുക്കേണ്ടതിനും ഈ പ്രസ്ഥാനത്തിലൂടെ കഴിയുന്നുണ്ട്. സഹജീവികളോട് അനുഭാവപൂർവ്വം പെരുമാറുന്നതിനും ജീവിതം ഏറെ മഹത്വ പൂർണമാകുന്നതിനും ഈ പ്രവർത്തനങ്ങൾ സഹായിക്കുന്നു



# കലകൾ നാടിൻ സമ്പത്ത്

ഗൗരി ആർ നായർ

നമ്മുടെ സംസ്കാരത്തിന്റെ മൂല സ്രോതസ്സുകളാണ് നാടൻകലകൾ. കേരളത്തിൽ ഒട്ടേറെ നാടൻകലകളുണ്ട്. കലകളുടെ കേദാരംഎന്ന പേരിലാണ് കേരളത്തെ അറിയപ്പെടുന്നത്. ഗ്രാമീണ കലകൾ, ക്ഷേത്രകലകൾ, എന്നിങ്ങനെ പ്രചരിച്ചിട്ടുള്ള കലാരൂപങ്ങൾ അനവധിയുണ്ട്. കടൽകടന്ന് ലോകം മുഴുവൻ പരന്ന നമ്മുടെ പ്രിയ കലാരൂപമാണ് കഥകളി. നൃത്ത നാട്യങ്ങളുടെ സമ്പൂർണ്ണ രൂപമാണ് കഥകളി. കഥകളിയുടെ മറ്റൊരു പേരാണ് ചൊല്ലിയാട്ടം. കേരളീയ സംഗീതത്തിനും സാഹിത്യത്തിനും കഥകളി നൽകിയ സംഭാവനകൾ അമൂല്യമാണ്.




പച്ച, കത്തി, കരി, താടി, മിനുക്ക് എന്നിങ്ങനെ അഞ്ചു വേഷങ്ങളാണ് കഥകളിയിൽ പ്രധാനമായും ഉള്ളത്. നെറ്റിയിൽഗോപിക്കുറി, മുഖത്തു ചുട്ടി, ചുണ്ടിൽ ചെഞ്ചായം തുടങ്ങിയവയെല്ലാം ചേർത്താണ് പച്ചവേഷം. രാക്ഷസർ, അസുരന്മാർ, ദുഃസ്വഭാവികളായ രാജാക്കന്മാർ എന്നിവർക്കാണ് കത്തിവേഷം ഉപയോഗിക്കുന്നത്. നെടും കത്തി, കുറുംകത്തി എന്നിങ്ങനെ കത്തി വേഷത്തെ രണ്ടായി തരംതിരിച്ചിട്ടുണ്ട്. താടി 3 വിധ ത്തിലാണ് ഉള്ളത്. ചുവപ്പ്, വെള്ള ,കറുപ്പ്. കളിയിലെ ഭീകരന്മാർക്ക് ചുവന്ന താടി ഉപയോഗി ക്കുന്നു. ഹനുമാൻ തുടങ്ങിയ സാത്വികരായ കഥാപാത്രങ്ങൾക്കാണ് വെള്ളത്താടി ഉപയോഗി ക്കുന്നത്. കലി, കാട്ടാളൻ തുടങ്ങിയവർക്ക് കറുത്തതാടി ആണുപയോഗിക്കുന്നത്. ഗാനമായ് വേഷമാണ് കരി, കിരാതൻ മുതലായ നീച വർഗ്ഗക്കാരുടെ വേഷമാണിത്കേളികൊട്ട്, കേളി കൈ, തോടയം, പുറപ്പാട്, മേളപ്പദം എന്നിവയാണ് കഥകളിയിലെ ചടങ്ങുകൾ. കളി യുണ്ടെ ന്നറിയാൻ നടത്തുന്ന മേളമാണ് കേളി കൊട്ട്. മേളം കഴിഞ്ഞാലുടനെ കഥകളി ആരംഭി ക്കുകയായി. കഥാപാത്രങ്ങൾ എത്തുന്നതിനുമുമ്പുതന്നെ കഥാസംഗ്രഹം വ്യക്തമാകും. മഹാ കവി വള്ളത്തോൾ നാരായണമേനോൻ, ജീർണാവസ്ഥയിൽ നിന്ന് കഥകളിയെ പുനരുദ്ധ രിച്ച് ഇന്നത്തെനിലയിൽ എത്തിച്ചത് അദ്ദേഹമാണ്. അതിനുവേണ്ടി അദ്ദേഹം കേരളകലാമണ്ഡലം എന്ന സ്ഥാപനം തുടങ്ങി. കലാമണ്ഡലത്തിലെ പ്രശസ്തി ലോകം മുഴുവൻ പരന്നിട്ടുണ്ട്. കഥകളി കാണാനും പഠിക്കാനും ചെറുതുരുത്തിയിലെ കലാമണ്ഡലത്തിലെ ത്തുന്ന വിദേശികളുടെ എണ്ണം അതാണു സൂചിപ്പിക്കുന്നത്.

കേരളത്തിലെ തനത് നൃത്തരൂപമാണ് മോഹിനിയാട്ടം. തമിഴ്നാട്ടുകാരനായ വടിവേലു വാണ് മോഹിനിയാട്ടം രൂപപ്പെടുത്തിയത്. സ്വാതിതിരുനാൾ മഹാരാജാവ് മോഹിനിയാട്ടത്തിന്റെ വളർച്ചയ്ക്കുവേണ്ടി ധാരാളം പരിശ്രമിച്ചിട്ടുണ്ട്.ദേവദാസിയാട്ടം, ദാസിയാട്ടം എന്നീ പേരുകളിലും അറിയപ്പെടുന്ന ഈ കല ക്ലാസിക് പാരമ്പര്യം

പുലർത്തുന്നഒരുലാസ്യനൃത്തമാണ്.

# കാറൽ മാക്സ്



ആരായിരുന്നു കാൾ മാർക്സ് ? ഈ ചോദ്യത്തിന് ഒറ്റവാചകത്തിൽ ഉത്തരം പറയാനാവില്ല. പല ഒറ്റ വാചകങ്ങളിൽ അദ്ദേഹത്തെ ഇങ്ങനെ നിർവചിക്കാം. ആചാര്യൻ. തൊഴിലാളി വർഗ്ഗത്തിൻറ് സമരനേതാവ് ,മുതലാളിത്തത്തിന് നാശവും സോഷ്യലിസത്തിന് വിജയവും സ്വപ്നം കണ്ട ശാസ്ത്രജ്ഞൻ ,മനുഷ്യസമൂഹത്തിന് ശോഭനമായ ഭാവി കണ്ടറിഞ്ഞ ഭാവനാശാലി. ചരിത്രവും സാമൂഹ്യശാസ്ത്രവും പുതിയ രീതിയിൽ പരിശോധിച്ച് ചിന്തകൻ. സർവ്വോപരി മനുഷ്യന് സ്നേഹിച്ച വിപ്ലവകാരി ,സ്വന്തം കുട്ടികൾ വിശന്നു കരഞ്ഞപ്പോൾ ലോകത്തിൻറ് ലോകത്തിൻറ് വിശപ്പ ഇല്ലാതാക്കാനായിരുന്നു അദ്ദേഹം ശ്രമിച്ചത.

മേഘ.എം(I X A)

മനുഷ്യനെ അടിസ്ഥാനപരമായി ഉള്ളവനും ഇല്ലാത്തവനും അദ്ദേഹം വേർതിരിച്ചു. അധ്വാനത്തിന് മഹത്വം ലോകത്തിനു മനസ്സിലാക്കിക്കൊടുത്തു.' സർവ്വരാജ്യ തൊഴിലാളികളെ സംഘടിക്കുവിൻ . നിങ്ങൾക്ക് നഷ്ടപ്പെടാൻ ചങ്ങലകൾ മാത്രം 'എന്ന് തൊഴിലാളി വർഗ്ഗത്തോട് ആഹ്വാനം ചെയ്തു. ഓരോ ജനതയും അദ്ദേഹത്തെ മാടി വിളിച്ചപ്പോൾ ഓരോ ഗവൺമെൻറും അദ്ദേഹത്തെ ആട്ടിയോടിച്ചു! .മാർക്സ് അന്തരിച്ചപ്പോൾ ആത്മസുഹൃത്തായ ഏംഗൻസ് പറഞ്ഞു മാനവരാശിക്ക് ഒരാൾ പൊക്കം കുറഞ്ഞിരിക്കുന്നു. നമ്മുടെ കാലത്തെ ഏറ്റവും മഹാനായിരുന്നു.



# വട്ടവടയുടെ ചങ്ങാതി



SWATHI VIJAYAKUMAR
9C

2018ലെ മായാത്ത വേദനകളിൽ ഒന്നാണ് അഭിമന്യുവിൻറെ കൊലപാതകം. 2018 ജൂലൈ രണ്ടിനായിരുന്നു സംഭവം . ക്യാമ്പസ് ഫ്രണ്ട് മതതീവ്രവാദികൾ മഹാരാജാസിൻറ് മണ്ണിൽ അഭിമന്യുവിൻറെ നെഞ്ചിൽ കൊലക്കത്തി ഇറക്കിയത് . അന്ന് അറിഞ്ഞിരുന്നില്ല ഇരുട്ടിനെ കീറിമുറിക്കുന്ന നക്ഷത്രമായി അവൻ ഈ മണ്ണിൽ നക്ഷത്രമായി തിളങ്ങിനിൽക്കുമെന്ന്.അവൻ കലാലയത്തിൻറ് ചുവരുകളിൽ എഴുതിയ "വർഗീ( തുലയട്ടെ" എന്ന വാക്കുകൾ മതേതര കേരളം ഒരേസ്വരത്തിൽ ഏറ്റെടുക്കുമെന്ന്.

മൂന്നാറിലെ അതിർത്തിഗ്രാമമായ വട്ടവടയിൽ നിന്നാണ് അഭിമന്യു മഹാരാജാസിൽ എത്തിയത് . ജീവിച്ച് കൊതിതീരാതെ മഹാരാജാസ് കാമ്പസിന് മുന്നിൽ കത്തിമുനയിൽ പൊലിഞ്ഞത് ഒരു ഇരുപതുകാരൻറ് സ്വപ്നവും ജീവനുമാണ്. വട്ടവടയിലെ കൊട്ടകാമ്പൂരിൽ നിന്ന് ഉയർന്ന മാർക്കോടെ പ്ലസ്ടു വിജയിച്ചാണ് അഭിമന്യു മഹാരാജാസിൽ ബിരുദപഠനത്തിനായി എത്തിയത് . കൂലിപ്പണിക്കാരനായ മനോഹരൻറ് മൂന്നുമക്കളിൽ ഇളയവനായ അഭിമന്യു വീടിൻറെ പ്രതീക്ഷയായിരുന്നു . നവാഗതരെ വരവേൽക്കാൻ ഉള്ള എസ്എഫ്ഐയുടെ തയ്യാറെടുപ്പുകൾ പൂർത്തിയാക്കുകയായിരുന്നു.അന്നു രാത്രി ഇരുട്ടിൻറ് മറവിൽ മതതീവ്രവാദികൾ ഇല്ലാതാക്കിയത് ഒരു നാടിൻറ് തന്നെ സ്വപ്നമാണ്. സ



# നാസ





ANANDHU.M
9A

ബഹിരാകാശം എന്ന് കേൾക്കുമ്പോൾ ഓർമ്മയിൽ ആദ്യമെത്തുന്ന പേരാണ് നാസ ( NASA). അമേരിക്കയുടെ ദേശീയ ബഹിരാകാശ ഏജൻസിയായ നാസ ഇന്ത്യയുടെ ഐഎസ്ആർഒ പോലെ ബഹിരാകാശ വിജ്ഞാനത്തിന് ഏറ്റവും ആധികാരികവും പുതിയതുമായ അറിവ് നൽകുന്നതാണ്. നാസ അമേരിക്കൻ ഫെഡറൽ സർക്കാരിനു കീഴിലെ ഒരു സ്വതന്ത്ര ഏജൻസിയാണ് 1988ലാണ് നാസ സ്ഥാപിതമായത് 2018 നാസയിൽ 60 വയസ്സ് പൂർത്തിയായി 6 പതിറ്റാണ്ടിനിടയിൽ ലോകത്തെ മറ്റൊരു ബഹിരാകാശ ഗവേഷണ ഏജൻസികളും നേടുവാൻ കഴിയാത്ത മികച്ച നേട്ടമാണ് നാസ കൈവരിച്ചത് .നാസയുടെ ചരിത്രത്തിലെ ഏറ്റവും തിളക്കമേറിയ ഒന്നാണ് ആദ്യമായി മനുഷ്യനെ ചന്ദ്രനിലെത്തിച്ച അൽഭുത എയ്റോനോട്ടിക്സ് ആൻഡ് സ്പേസ് അഡ്മിനിസ്ട്രേഷൻ എന്നതിൻറെ ചുരുക്കെഴുത്താണ് NASA . ബഹിരാകാശ ഗവേഷണത്തിന് പുറമേ എയറോനോട്ടിക്സ് അഥവാ വിമാനങ്ങളുടെ നിർമ്മാണം ,പറത്തൽ എന്നിവയുമായി ബന്ധപ്പെട്ട ഗവേഷണങ്ങളും നടത്തി വരുന്നു .ലോകത്തെ ഏറ്റവും വേഗമേറിയ സൂപ്പർസോണിക് വിമാനങ്ങൾ നാസയുടെ രംഗത്തെ പൊൻതൂവലാണ്



സ്ഥാപിതമായത് : 1958 ജൂലൈ 29ന്
ആസ്ഥാനം : അമേരിക്കൻ തലസ്ഥാനമായ വാഷിംഗ് സിറ്റി

അർജ്ജുൻ കൃഷ്ണ(X A)





# 2018ലെ പ്രളയം





JITHU B PILLA
9C

കേരള സംസ്ഥാനം രൂപീകരിച്ച ശേഷം ഉണ്ടായ ഏറ്റവും വലിയ പ്രളയമാണ് 2018ലെ ഓഗസ്റ്റിൽ ഉണ്ടായത്. കേരള സംസ്ഥാന ചരിത്രത്തിൽ ഏറ്റവുമധികം നഷ്ടമുണ്ടാക്കിയ പ്രകൃതിദുരന്തവും ഈ പ്രളയം തന്നെ. കേരളത്തിലെ 14 ജില്ലകളിലും നാശംവിതച്ച മഴയിലും വെള്ളപ്പൊക്കത്തിലും സംസ്ഥാനത്തെ 25000 കോടി രൂപയുടെ നഷ്ടമുണ്ടായതായാണ് കണക്കുകൾ.251 പേർ മരിച്ചു. പൂർണമായും തകർന്നു കേരളം .കോട്ടയം ആലപ്പുഴ കോഴിക്കോട് ജില്ലകളിൽ അഞ്ചുവർഷത്തിന് ശേഷമാണ് ഇത്ര ശക്തമായ വെള്ളപ്പൊക്കം ഉണ്ടായത് .

ജൂലൈ 18 ലെ കണക്കുപ്രകാരം അതുവരെ പെയ്ത കാലവർഷം കൊണ്ടുതന്നെ സംസ്ഥാനത്തിന് 25 ശതമാനം അധികം മഴ ലഭിച്ചിരുന്നു . അണക്കെട്ടുകൾ മിക്കവയിലും പരമാവധി വെള്ളം നിറഞ്ഞു കൂടുതൽ വൈദ്യുതി ഉത്പാദിപ്പിക്കാനാകും വൈദ്യുത വകുപ്പ് സന്തോഷിച്ചു . ഒരുമാസത്തിനുശേഷം അതുവരെയുള്ള മഴ കണക്കുകളെല്ലാം അപ്രസക്തമായി അതുവരെ പെയ്ത മഴ അല്ലാതായി . അതുവരെയുണ്ടായിരുന്ന വെള്ളപ്പൊക്കവും വെള്ളപ്പൊക്കവുമല്ലാതായി. ജൂണിലെ പ്രളയത്തിന് ശേഷം ജൂലൈയിൽ പതുങ്ങിനിന്ന മഴ ആഗസ്





സംസ്ഥാനത്തെ അണക്കെട്ടുകളും പരമാവധി സംഭരണശേഷിയോടടുത്തു. അങ്ങനെ 25 വർഷങ്ങൾക്ക് ശേഷം ഇടുക്കി അണക്കെട്ട് തുറക്കേണ്ടിവന്നു. പാലക്കാട് നഗരവും ആലുവായും വെള്ളത്തിലായി. ഇടുക്കിയിലും മലപ്പുറത്തും ഉരുൾപൊട്ടൽ ഉണ്ടായി. വയനാട് ജില്ല ഒറ്റപ്പെട്ടു . അഞ്ചുവർഷത്തിനുശേഷം ഇടമലയാർ അണക്കെട്ട് തുറന്നു . ആലുവ ശിവക്ഷേത്രം മണപ്പുറവും വെള്ളത്തിനടിയിലായി. ദുരന്ത മേഖലകളിൽ സൈന്യം രക്ഷാപ്രവർത്തനങ്ങൾക്ക് ഇറങ്ങി . ദുരന്ത നിവാരണ സേന രംഗത്തിറങ്ങി. ഒപ്പം വ്യോമസേനയും കോസ്റ്റ് ഗാർഡും നേവിയും എത്തി . സ്വാതന്ത്ര്യദിനത്തിന് നേരം പുലർന്നപ്പോഴേക്കും കേരളം പ്രളയത്തിൽ മുങ്ങിയിരുന്നു. മുല്ലപ്പെരിയാർ ഉൾപ്പടെ 35 ഡാമുകൾ തുറന്നിരുന്നു . കേരളത്തിലെ എല്ലാ നദികളും കരകവിഞ്ഞൊഴുകി. ഓഗസ്റ്റ് 19 മഴയുടെ ശക്തി കുറഞ്ഞു . എന്നാൽ പ്രളയജലം കുട്ടനാടിനെ പൂർണ്ണമായി വെള്ളത്തിനടിയിലാക്കി. അപ്പോഴെക്കും കുട്ടനാട്ടിലെ 90 ശതമാനവും സുരക്ഷിത കേന്ദ്രങ്ങളിലേക്ക് മാറ്റിയിരുന്നു.

# Isaac Newton



Isaac Newton (January 4, 1643 to March 31, 1727) was a physicist and mathematician who developed the principles of modern physics, including the laws of motion, and is credited as one of the great minds of the 17th century. In 1687, he published his most acclaimed work,*Philosophiae Naturalis Principia Mathematica (Mathematical Principles of Natural Philosophy)*, which has been called the single most influential book on physics. In 1705, he was knighted by Queen Anne of England, making him Sir Isaac Newton.



SANDRA.S (IX A)

# MOTHER BOARD OF A COMPUTER



**A motherboard is one of the most essential parts of a computer system. It holds together many of the crucial components of a computer, including the central processing unit (CPU), memory and connectors for input and output devices. The base of a motherboard consists of a very firm sheet of non-conductive material, typically some sort of rigid plastic. Thin layers of copper or aluminum foil, referred to as *traces*, are printed onto this sheet. These traces are very narrow and form the circuits between the various components. In addition to circuits, a motherboard contains a number of sockets and slots to connect the other components.**

AKASH SAJI (IX A)

# സ്റ്റീഫൻ ഹോക്കിങ്



മോട്ടോർ ന്യൂറോൺ ഡിസിസ് എന്ന അസുഖം ബാധിച്ച് ശരീരത്തിലെ 90ശതമാനവും തളർന്ന് വീൽചെയറിൽ ഒതുങ്ങി. അപ്പോഴും തളരാത്ത തലച്ചോറുകൊണ്ട് പ്രപഞ്ചരഹസ്യങ്ങളുടെ ചുരുളഴിച്ച മഹാപ്രതിഭയാണ് സ്റ്റീഫന് ഹോക്കിന്സ്.

1942 ബ്രിട്ടനിൽ ജനിച്ച ഹോക്കിംഗ് ഓക്സ്ഫോർഡ് സർവ്വകലാശാലയിൽ നിന്നും ബിരുദവും കേംബ്രിഡ്ജിൽ നിന്നും പി എച്ച് ഡിയും നേടി. ഇരുപത്തിയൊന്നാമത്തെ വയസ്സിൽ രോഗത്തിന് പിടിയിലായി .പിന്നീട് ശരീരം പൂർണ്ണമായും ചക്ര കസേരയിൽ ആയിരോഗം സംസാരശേഷിയിലും ബാധിച്ചതോടെ കമ്പ്യൂട്ടറുമായി ഘടിപ്പിച്ച സ്പീച്ച് സിന്തസൈസർ വഴിയായി ലോകത്തോടുള്ള അദ്ദേഹത്തിന് ആശയവിനിമയം .2 വർഷത്തിനപ്പുറം ആയുസ്സില്ലെന്ന് ഒരിക്കൽ ഡോക്ടർമാർ വിധിച്ച അദ്ദേഹം പിന്നെയും 5 ദശകങ്ങൾ ജീവിക്കുകയും പരിമിതികളെ തോൽപിച്ച വിജയകരമായ ശാസ്ത്ര ഗവേഷണങ്ങൾ നടത്തുകയും ചെയ്തു.

പ്രപഞ്ചശാസ്ത്രം സംബന്ധിച്ച് The Large scale structure of space time, A Brief History of time, Black Holes and Baby Universe and other Essays, The Universe in a Nutshell തുടങ്ങി പ്രശസ്തമായ ഗ്രന്ഥങ്ങൾ അദ്ദേഹം രചിച്ചു. ഒരുകോടിയിലധികം കോപ്പികൾ അച്ചടിച്ച് ബ്രീഫ് ഹിസ്റ്ററി ഓഫ് ടൈം ലോകത്തിൽ ഏറ്റവും കൂടുതൽ വിറ്റ പുസ്തകമാണ്. 2014 പുറത്തിറങ്ങിയ തിയറി ഓഫ് എവരിതിങ് എന്ന ഹോളിവുഡ് സിനിമ ഹോക്കിംഗ് ജീവിതകഥ പറയുന്നു 2018 മാർച്ച് 14 ന് അത്ഭുതപ്രതിഭ അന്തരിച്ചു.



SARATH.RAJ
9C

# നിപ്പ വൈറസ്



ഇക്കഴിഞ്ഞ ജൂണിൽ കേരളത്തെ ഭീതിയിലാഴ്ത്തിക്കൊണ്ട് നിപ്പ എന്ന വൈറസ് രോഗം പടർത്തി. കോഴിക്കോട് മലപ്പുറം ജില്ലകളിൽ വ്യാപിച്ച ഈ വൈറസ് 17 പേരുടെ ജീവനെടുത്തു. പ്രതിരോധപ്രവർത്തനങ്ങൾ കൃത്യമായി നടത്തിയതിനാൽ രോഗം വ്യാപിക്കുന്നതു വളരെപ്പെട്ടെന്ന് തടയാനായി . ചില പ്രത്യേകതരം പഴംതീനി വവ്വാലുകളുടെ ശരീരത്തിൽ കാണപ്പെടുന്ന. RAN virus നിൽപ്പ്. 1999.ൽ മലേഷ്യയിലെയും സിംഗപ്പൂരിലെയും പന്നി കർഷകരിലാണ് ഈ വൈറസ് ബാധ ആദ്യമായി കണ്ടെത്തിയത് . മുന്നൂറിലധികം ആളുകളെ അന്ന് ഈ വൈറസ് ബാധിച്ചു . 100 പേരോളം മരണത്തിന് കീഴടങ്ങി. അ പ്രദേശത്തെ പത്തുലക്ഷം പന്നികളെ കൊന്നൊടുക്ക് മൃഗങ്ങളിൽ നിന്ന് മനുഷ്യരിലേക്ക് പകരുന്ന ഈ വൈറസ് തലച്ചോറിലാണ് ബാധിക്കുന്നത് . കടുത്ത പനി ,തലവേദന ചുമ ശ്വാസതടസ്സം തുടങ്ങിയ ലക്ഷണങ്ങൾ കാണിക്കുന്ന രോഗി വളരെ പെട്ടെന്ന് ഗുരുതരാവസ്ഥയിൽ എത്തുന്നു. നിപ്പാവൈറസിനെതിരെ കൃത്യമായ ഒരു പ്രതിരോധ വാക്സിൻ ഇതുവരെ വികസിപ്പിച്ചിട്ടില്ല.



ASWATHY BABU(IX A)

വവ്വാലുകളുടെ ശരീരത്തിൽ വളരെ കുറഞ്ഞ അളവിൽ കാണപ്പെടുന്ന ഈ വൈറസുകൾ പൊതുവേ മറ്റു ജീവികൾക്ക് നിരുപദ്രവകാരികളാണ് . എന്നാൽ വവ്വാലുകളുടെ സ്വാഭാവിക ആവാസവ്യവസ്ഥയിലും ജീവിതരീതിയിലും കോട്ടം തട്ടുമ്പോൾ ആണ് ഇവ പെരുകുന്നത് . തുടർന്ന്  കാഷ്ഠം,മൂത്രം എന്നിവ വഴിയൊക്കെ പന്നിയും മനുഷ്യനടക്കമുള്ള മറ്റു ജീവികളിൽ മറ്റെല്ലാ ജീവികളിലും ഈ  വൈറസ് മരണകാരണമാണ്. നിപ്പ വൈറസ് ശരീരത്തിലെത്തിയ എല്ലാവർക്കും രോഗം  ബാധിക്കണമെന്നില്ല .ആളുകളുടെ പ്രതിരോധശേഷിയും വൈറസിൻറ് അളവുമെല്ലാം ഇതിനെ സ്വാധീനിക്കുന്ന ഘടകങ്ങളാണ് .നിപ്പ വൈറസ് ബാധ സ്ഥിരീകരിച്ചതിനെത്തുടർന്ന് സംസ്ഥാനം അതീവ ജാഗ്രതയിലാണ്. ആരോഗ്യരംഗത്ത്  അടിയന്തര വസ്ഥയ്ക്കു സമാനമായ സാഹചര്യമാണ് സംസ്ഥാനത്ത്.




നിപ്പ വൈറസ് ബാധിതരെ ശിശ്രൂഷിക്കുന്നതിനിടെ മരിച്ച നഴ്സ് ലിനിക്ക് മരണാനന്തര ബഹുമതിയായി പത്മശ്രീ നൽകി ആദരിക്കാനും തീരുമാനിച്ചു.

# കേരളത്തിൻറെ തീരാവേദനയായ് .......മധു



ANAGHA DINIL 9A



എവിടെ മനുഷ്യാവകാശങ്ങൾ !... എവിടെ സാമൂഹ്യനീതി !.......എവിടെ മനുഷ്യത്വം!..... എവിടെ മനസാക്ഷി !......നാം ചിന്തിച്ചുപോയ നിമിഷങ്ങൾ . അട്ടപ്പാടി മുക്കാലിക്കടുത്ത് കടുകുമണ്ണ ഊരിലെ മധു എന്ന ആദിവാസി യുവാവിനെ തല്ലിക്കൊന്ന സംഭവം കേരളത്തിൻറ് മനസ്സാക്ഷിയെ ഞെട്ടിച്ചു. മോഷണം ആരോപിച്ച് മാനസികാസ്വാസ്ഥ്യമുള്ള മധുവിനെ ഒരു സംഘമാളുകൾ തല്ലിച്ചതച്ചു.

പ്രദേശത്ത് തുടർച്ചയായി മോഷണം നടത്തുന്നതിൽ പങ്കുണ്ടെന്നാരോപിച്ച് ആയിരുന്നു മധുവിൻറെ കൊലപാതകം. ആദിവാസികൾക്കായി സർക്കാർ അനുവദിച്ച തുകയിൽ എത്രമാത്രമാണ് ആദിവാസികൾക്ക് ലഭിക്കുന്നത് ? അതിൽ എത്രമാത്രം സർക്കാർ ജീവനക്കാരും രാഷ്ട്രീയക്കാരും മോഷ്ടിച്ചത്. ഇത് കണ്ടെത്തേണ്ട സമയമായിരിക്കുന്നു .മധുവിനെ കിട്ടേണ്ട ആനുകൂല്യങ്ങൾ സമയത്ത് കിട്ടിയിരുന്നുവെങ്കിൽ മധു ഇന്ന് പല സർക്കാർ ജീവനക്കാരെക്കാളും രാഷ്ട്രീയക്കാരെക്കാളും മാന്യമായി ജീവിക്കാൻ കഴിയുമായിരുന്നു . ഒരുനേരത്തെ ആഹാരത്തിനുവേണ്ടി മധുവിനെ പോലെ മോഷ്ഠിക്കേണ്ടി വരുന്ന ആയിരങ്ങൾ ആദിവാസി ഊരുകളിലുണ്ട്.

# പ്രകൃതിയിലെ കൊലയാളികൾ



അർജ്ജുനൻ . ആർ .കെ(X A)

പച്ചമണ്ണിൻ പുതുമണ മുതിർക്കാൻ

കൊതിച്ച വന്ന മഴത്തുള്ളികളെ

തടഞ്ഞുനിർത്തി തൊടിയിലെ

ഇനിയു മെരിഞ്ഞൊടുങ്ങാത്ത

പ്ലാസ്റ്റിക്ക കൂമ്പാരങ്ങൾ

അന്തരീക്ഷ മേലാപ്പിൽ

ഓട്ട തീർക്കുന്നു

മരണം മണക്കുന്ന പനിയുമായി

പാറിപ്പറക്കുന്നമൂളി പാട്ടുകാർക്ക്

പ്രസവ വാർഡായ സാമഗ്രികൾ

ജീവിതയാത്രയിൽ പലപല

വേഷങ്ങളെടുത്തു സഹയാത്രികരായോർ

ജീർണത യെന്തെന്നറിയാത്ത

ചിരം ജീവികൾ മണ്ണിന്റെ

മണ്ണിൻെറ മരണപത്രവാഹകർ


ഭാവി മനജ ജന്മങ്ങൾക്ക്

കോട്ടം തീർക്കാൻ കെൽപ്പുള്ളോർ

പ്രകൃതിതൻ സന്തുലിതത്വം

തച്ചുടയ്ക്കുന്ന കൊലയാളികൾ

# ALBERT EINSTEEN



**Albert Einstein (March 14, 1879 to April 18, 1955) was a German mathematician and physicist who developed the special and general theories of relativity. In 1921, he won the Nobel Prize for physics for his explanation of the photoelectric effect. In the following decade, he immigrated to the U.S. after being targeted by the Nazis. His work also had a major impact on the development of atomic energy. In his later years, Einstein focused on unified field theory. With his passion for inquiry, Einstein is generally considered the most influential physicist of the 20th century.**

**ANANDA NARAYANAN(IX A)**



# അതിജീവനത്തിന് കരുത്ത്



ഃകരളം ഇന്നുവരെ കണ്ടിട്ടില്ലാത്ത തരം ഒരു മഹാപ്രളയം ആണ് നാം കുറച്ചു നാളുകൾക്കു മുൻപ് അഭിമുഖീകരിച്ചത് പ്രളയത്തെ കുറിച്ചും പ്രകൃതിയെക്കുറിച്ചും വായിച്ചുമാത്രം കേട്ട കേരളജനതയ്ക്ക് ഇതൊരു പുതിയ അനുഭവമായി മാറി. അന്ന് വരെ കൂട്ടി വെച്ച എല്ലാ സമ്പാദ്യങ്ങളും പ്രളയം കവർന്നെടുത്തു. മനുഷ്യരെ മാത്രമല്ല ഇവിടെയുണ്ടായിരുന്ന എല്ലാത്തിനെയും പ്രളയം ബാധിച്ചു. ആയിരക്കണക്കിന് ജീവൻ നഷ്ടമായി .നമുക്ക് ഊഹിക്കാൻ പോലും കഴിയാത്ത വിധമുള്ള നഷ്ടമാണ് കേരളത്തിൽ ഉണ്ടായത് .ലോകം മുഴുവൻ ഈ ദുരന്തം കണ്ട് നിശ്ചലമായി.ഉ ആരെക്കൊണ്ടും തടഞ്ഞുനിർത്താൻ കഴിയാത്തവണ്ണം വലുതായിരുന്നു പ്രളയം സൃഷ്ടിച്ച ദുരന്തങ്ങൾ .ചിലയിടങ്ങളിൽ രക്ഷാപ്രവർത്തനം നടത്താൻ പോലും കഴിയാത്ത തരത്തിൽ മഴ നിറഞ്ഞാടി .നഷ്ടങ്ങളെയും നമുക്ക് പിടിച്ചുനിർത്താൻ സാധിച്ചില്ല. പക്ഷേ  നമുക്ക് വേറെ ചില കാര്യങ്ങൾ ചെയ്യാൻ കഴിയും  .ഇനിയും ഇങ്ങനെ ദുരന്തം വരാതിരിക്കാൻ മുൻകരുതലെടുക്കുക തന്നെ വേണം. അല്ലെങ്കിൽ പിന്നെ ഇതുമൂലമുണ്ടാകുന്ന നഷ്ടം  വലുതായിരിക്കും.  പ്രകൃതിക്കിണങ്ങിയ ജീവിക്കുക. അല്ലാതെ നമുക്ക് ഇണങ്ങുംവിധം പ്രകൃതിയെ മാറ്റുകയല്ല നാം ചെയ്യേണ്ടത്  പ്രകൃതിക്ക് ഹാനികരമായ ഒന്നും ചെയ്യാതിരിക്കുക.   പ്രകൃതിയെ സംരക്ഷിക്കണം .നമ്മുടെ നാടിനെ രക്ഷിക്കാൻ നമുക്ക് കൈകോർക്കാം. കേരളത്തിലെ പുനർനിർമാണത്തിന് നൽകുന്ന ഓരോ രൂപക്കും വിലയുണ്ട് .മറ്റൊരാളുടെ കഴിയുമെങ്കിൽ മറ്റെന്താണുള്ളത് .പ്രളയത്തെ അതിജീവിച്ച് ഒരു നവകേരള സൃഷ്ടിയിൽ





AJILAL 9B

# ക്വിസ്

1. അശോകചക്രവർത്തിയുടെ ഭരണകാലത്ത് നിലവിലിരുന്ന ലിപി ഏത് ?
2. മുഗൾ സാമ്രാജ്യത്തിലെ ഭരണഭാഷ ഏത്?
3. മാമാങ്കം നടന്നിരുന്ന സ്ഥലം?
4. മയൂരസിംഹാസനം പണികഴിപ്പിച്ചതാര്
5. ഗാന്ധിജിയെ mahatma എന്ന് വിശേഷിപ്പിച്ചത് ആര്?
6. വന്ദേമാതരം എഴുതിയത് ആര്?
7. നിങ്ങൾ എനിക്ക് രക്തം തരൂ ഞാൻ നിങ്ങൾക്ക് സ്വാതന്ത്ര്യം തരാം എന്ന് പ്രഖ്യാപിച്ചതാര്?
8. ഭൂദാന പ്രസ്ഥാനം ആരംഭിച്ചതാര്?
9. ഇന്ത്യൻ ചരിത്രത്തിൽ നിശബ്ദം വിപ്ലവകാരി എന്ന് അറിയപ്പെടുന്ന വ്യക്തി ആര്?
10. ഇന്ത്യയുടെ പ്രധാനമന്ത്രി ആകാനുള്ള ഏറ്റവും കുറഞ്ഞ പ്രായം എത്രയാണ്?
11. ലോകസഭയിൽ ചോദ്യോത്തരവേളക്കു ശേഷം വളരെ പ്രാധാന്യമുള്ള വിഷയങ്ങൾ അവതരിപ്പിക്കുന്ന സമയത്തിന് പറയുന്ന പേരെന്ത്?
12. ഇന്ത്യയിലെ ഏറ്റവും വലിയ ശുദ്ധജല തടാകം?
13. അജന്ത എല്ലോറ ഗുഹകൾ സ്ഥിതി ചെയ്യുന്ന സംസ്ഥാനം?
14. പ്ലാസ്റ്റിക് നിരോധിച്ച ആദ്യ ഇന്ത്യൻ സംസ്ഥാനം?
15. ഇന്ത്യയിലെ ഇരുപത്തിയെട്ടാമത്തെ സംസ്ഥാനമേത്?
16. ഇന്ത്യയിൽ ഏറ്റവും കൂടുതൽ ഭാഷകൾ നിലവിലുള്ള സംസ്ഥാനം?
17. ഗിന്നസ് വേൾഡ് റെക്കോർഡ് പ്രകാരം ലോകത്തിലെ ഏറ്റവും വലിയ സിനിമാ സ്റ്റുഡ onിയോ ഇന്ത്യയിലാണ് ഏതാണത്?
18. രണ്ട് ഓസ്കാർ സ്വന്തമാക്കിയ ആദ്യ ഇന്ത്യക്കാരൻ?
19. ഏത് മേഖലയിൽ മികവ് തെളിയിക്കുന്നവർക്ക് നൽകുന്നതാണ് ദ്രോണാചാര്യ അവാർഡ്?
20. നോബൽ സമ്മാനം നേടിയ ആദ്യ ഇന്ത്യക്കാരൻ?

ഉത്തരം

1. ബ്രാഫ്മി
2. പേർഷ്യൻ
3. കേരളത്തിലെ തിരുനാവായ
4. ഷാജഹാൻ
5. രവീന്ദ്രനാഥടാഗോർ
6. ബങ്കിം ചന്ദ്ര ചാറ്റർജി
7. നേതാജി സുഭാഷ് ചന്ദ്രബോസ്
8. ആചാര്യ വിനോബാ ഭാവേ
9. ഡോക്ടർ പൽപ്പു
10. 25 വയസ്സ്
11. ശൂന്യവേള (സീറോ അവർ)
12. വൂളാർ തടാകം, (ജമ്മു ആൻഡ് കാശ്മീർ)
13. മഹാരാഷ്ട്ര
14. sikkim
15. ഝാർഖണ്ഡ്
16. അരുണാചൽപ്രദേശ്
17. റാമോജി ഫിലിം സിറ്റി, ഹൈദരാബാദ്
18. എആർ റഹ്മാൻ
19. കായിക പരിശീലനം
20. രവീന്ദ്രനാഥടാഗോർ

little KITEs